# G.L.P.S
# LADRUM

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ ഗുണമേന്മ ഉയർത്തുന്നതിനും അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനുമായുള്ള പ്രവർത്തന പദ്ധതി - മാർഗ്ഗ നിർദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ഡി) വകുപ്പ്

സ.ഉ.(സാധാ) നം.2182/2025/GEDN തീയതി,തിരുവനന്തപുരം, 22-03-2025

---

പരാമർശം:-

1. 16.08.2024 ലെ സ.ഉ.(കൈ)നം.103/2024/പൊവിവ നമ്പർ സർക്കാർ ഉത്തരവ്.
2. 29.10.2024 ന് ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാനങ്ങൾ.
3. 03.03.2025 ലെ സ.ഉ.(കൈ)നം.38/2025/പൊവിവ നമ്പർ സർക്കാർ ഉത്തരവ്.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 10.03.2025 ലെ QIP1/11778/2023/ഡിജിഇ നമ്പർ കത്ത്.
5. 17.03.2025 ലെ സ.ഉ.(കൈ)നം.42/2025/പൊവിവ നമ്പർ സർക്കാർ ഉത്തരവ്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ ഗുണമേന്മ ഉയർത്തുന്നതിനും അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനുമായി ഒരു പ്രവർത്തന പദ്ധതി രൂപപ്പെടുത്തുന്നത് സംബന്ധിച്ച് വകുപ്പ് തലത്തിൽ നിരവധി യോഗങ്ങൾ ചേർന്നും വിവിധ സമിതികൾ രൂപീകരിച്ചും നടത്തിയ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ "സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി" തയ്യാറാക്കുകയുണ്ടായി. പൊതുവിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് സാധ്യമായ എല്ലാ ആശയങ്ങളും ഉൾക്കൊള്ളുന്ന പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പാക്കിയാൽ കാര്യമായ പുരോഗതി ഹ്രസ്വകാലം കൊണ്ട് കൈവരിക്കാൻ സാധിക്കുന്ന തരത്തിലാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടത്തിൽ പരാമർശം (1) പ്രകാരം 2024-25 അക്കാദമിക വർഷം 8-ാം ക്ലാസിലും 2025-26 അക്കാദമിക വർഷം 8, 9 ക്ലാസുകളിലും 2026-27 അക്കാദമിക വർഷം 8, 9, 10 ക്ലാസുകളിലും പൊതുപരീക്ഷയിൽ സബ്ജക്ട് മിനിമം നടപ്പാക്കുന്നതിനും നിരന്തര മൂല്യനിർണ്ണയത്തിൽ തികഞ്ഞ ജാഗ്രത പുലർത്തുന്നതിനും മെരിറ്റ് മാത്രം പരിഗണിക്കുന്നതിനുമായി പ്രത്യേക മാനദണ്ഡങ്ങൾ പുറപ്പെടുവിക്കുന്നതിനു അനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 2024-25 അക്കാദമിക വർഷം മുതൽ 8-ാം ക്ലാസിൽ സബ്ജക്ട് മിനിമം നടപ്പാക്കിയതിന്റെ തുടർച്ചയായി പരാമർശം (3) പ്രകാരം 8-ാം ക്ലാസിലെ പുതുക്കിയ വിലയിരുത്തൽ മാർഗരേഖ അംഗീകരിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. പൊതുവിദ്യാഭ്യാസ മേഖലയിലെ ഗുണമേന്മ ഉയർത്തേണ്ടതും അക്കാദമിക നിലവാരം മെച്ചപ്പെടുത്തേണ്ടതും അനിവാര്യമാണെന്ന് വിലയിരുത്തപ്പെട്ടതിനെത്തുടർന്ന് നിലവിൽ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളുടെ പശ്ചാത്തലത്തിൽ ഇനി നടപ്പിലാക്കേണ്ടതായ വിശദമായ നടപടികൾ/നിർദ്ദേശങ്ങൾ പരാമർശം (4) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിക്കുകയുണ്ടായി. ആയതിലെ പ്രധാന നിർദേശങ്ങൾ ചുവടെ ചേർക്കുന്നു.

(1) <u>ഗുണമേന്മാ വിദ്യാഭ്യാസം - പ്രചരണ പ്രവർത്തനങ്ങൾ.</u>

വിദ്യാലയങ്ങളുടെ ഭൗതികാന്തരീക്ഷം മെച്ചപ്പെട്ടതിനോടൊപ്പം പൊതുസമൂഹത്തിന്റെ പിന്തുണയോടെ അക്കാദമിക മികവിലേക്കുയരുന്ന പ്രവർത്തനങ്ങളാണ് വിദ്യാലയങ്ങളിൽ നടപ്പാക്കേണ്ടത്. ഇതിനായി സ്കൂൾതലത്തിൽ പ്രവർത്തിക്കുന്ന സമിതികൾ അക്കാദമിക മുന്നേറ്റം സാധ്യമാകേണ്ട മേഖലകൾ കണ്ടെത്തി പ്രശ്നപരിഹാരത്തിനായുള്ള പദ്ധതികൾ തയ്യാറാക്കേണ്ടതാണ്. കൃത്യമായ ആക്ഷൻപ്ലാൻ അതിനായി ഉണ്ടാകേണ്ടതുണ്ട്. ഓരോ ക്ലാസിലും കുട്ടികൾ നേടേണ്ട ശേഷികൾ പട്ടികപ്പെടുത്തി പ്രദർശിപ്പിക്കുന്നതുവഴി പൊതുസമൂഹത്തിന് വിദ്യാലയത്തിൽ നടക്കേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച ധാരണ രൂപപ്പെടുകയും സോഷ്യൽ ഓഡിറ്റിങ്ങിനുള്ള അവസരം ലഭിക്കുകയും ചെയ്യും. ആയതിനാൽ ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ മാർഗനിർദ്ദേശങ്ങൾക്ക് വ്യാപകമായ പ്രചാരണം അനിവാര്യമാണ്.

(2) <u>അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ഗുണമേന്മ ഉറപ്പാക്കുക.</u>

എല്ലാ വിഭാഗം കുട്ടികളെയും പരിഗണിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് ക്ലാസ്മുറികളിൽ നടപ്പാകേണ്ടത്. വ്യത്യസ്ത തരത്തിലുള്ള ചോദ്യമാതൃകകൾ പരിചയപ്പെടാനും അതിനനുസരിച്ച് പ്രതികരിക്കാനും കഴിയുന്ന വിധത്തിൽ കുട്ടികളെ ശാക്തീകരിക്കേണ്ടതുണ്ട്. അറിവിന്റെ കേവലമായ വിലയിരുത്തലിന് പകരം നേടിയ അറിവ് വ്യത്യസ്ത സന്ദർഭങ്ങളിൽ ഫലപ്രദമായി പ്രയോജനപ്പെടുത്താൻ കഴിയുന്ന കഴിവും വിരുതും കുട്ടികൾ നേടിയിട്ടുണ്ടോ എന്ന അന്വേഷണവും ആവശ്യമാണ്. അക്കാദമിക മോണിറ്ററിങ് ശക്തിപ്പെടുത്തിയാലേ വിദ്യാലയപ്രവർത്തനങ്ങൾ കാര്യക്ഷമമാവൂ. അക്കാദമിക മോണിറ്ററിംഗിനായി സ്കൂൾ തലം മുതൽ സംസ്ഥാന തലം വരെ രൂപീകരിക്കേണ്ട സമിതികളുടെ ഘടന, പ്രവർത്തന രീതി എന്നിവ വ്യക്തമാക്കിക്കൊണ്ട് പരാമർശം (5) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

(3) <u>മൂല്യനിർണ്ണയ രീതിശാസ്ത്രം കാര്യക്ഷമമാക്കുക/പരിഷ്കരിക്കുക.</u>

ഗുണമേന്മ വിദ്യാഭ്യാസം കാര്യക്ഷമമായി നടപ്പാക്കുന്നതിന് മൂല്യനിർണ്ണയ രീതികളും കാര്യക്ഷമമായി പരിഷ്കരിക്കേണ്ടതാണ്. വിലയിരുത്തലിന്റെ ലക്ഷ്യവും സ്വഭാവവും അടിസ്ഥാനമാക്കി വികാസപ്രദ വിലയിരുത്തൽ (Formative assessment) ആത്യന്തിക വിലയിരുത്തൽ (Summative assessment) എന്നിങ്ങനെ രണ്ട് തരത്തിലാണ് വിലയിരുത്തലുകൾ ഉള്ളത്. പഠനത്തോടൊപ്പം നിരന്തരമായി നടക്കുന്നതാണ് "വികാസപ്രദ വിലയിരുത്തൽ'. കുട്ടിയുടെ പഠനത്തെ തുടർച്ചയായി പിന്തുടരുകയും അതിന്റെ നില

തിരിച്ചറിഞ്ഞുകൊണ്ടിരിക്കുകയും ചെയ്യലാണ് ഇതിന്റെ കാതൽ.

നിശ്ചിത ഇടവേളകളിൽ കുട്ടികളുടെ പഠനം എവിടെയെത്തി നിൽക്കുന്നുവെന്ന് അളക്കുകയും രേഖപ്പെടുത്തുകയും ചെയ്യുന്നതാണ് ആത്യന്തിക വിലയിരുത്തലിൽ നടത്തുന്നത്. പാഠങ്ങളുടെയോ യൂണിറ്റുകളുടെയോ ടേമുകളുടെയോ, അന്ത്യത്തിലോ വർഷാന്ത്യത്തിലോ എല്ലാ കുട്ടികൾക്കും വേണ്ടി പൊതുവായി നടത്തുന്ന വിലയിരുത്തലാണിത്. ഒരു നിശ്ചിത സമയത്തിനുശേഷം എന്തൊക്കെ പഠിച്ചു എന്തൊക്കെ പഠിച്ചില്ല എന്ന് വിവരം നൽകലാണ് ഇതിന്റെ ഊന്നൽ. കൂടാതെ പഠനപ്രക്രിയയുടെ ഭാഗമായിത്തന്നെ ഓരോ കുട്ടിയും ഈ പടവുകളിൽ എവിടെ നിൽക്കുന്നുവെന്ന് ടീച്ചർക്കും നിരീക്ഷിക്കാനാവും.

ആത്യന്തികവിലയിരുത്തൽ പരിഷ്കരണത്തിന് ഓപ്പൺ ബുക്ക് പരീക്ഷ, ഓൺലൈൻ പരീക്ഷ, വീട്ടിൽവച്ച് എഴുതാവുന്ന പരീക്ഷ, സ്വയം ചെയ്ത് പൂർത്തിയാക്കുന്ന പ്രോജക്ട്, ശില്പശാലാ പങ്കാളിത്തം, അഭിമുഖം, ചർച്ചാ പങ്കാളിത്തം, സെമിനാർ, തുറന്ന ചോദ്യാവലി, വാചിക പരീക്ഷ തുടങ്ങിയ വൈവിധ്യമാർന്ന രീതികൾ സ്വീകരിക്കാം. കുട്ടിയുടെ എല്ലാ മേഖലകളിലുമുള്ള പുരോഗതി രേഖപ്പെടുത്തുന്ന സമഗ്രപുരോഗതിരേഖ (Holistic Progress Card) തയ്യാറാക്കലും നടക്കേണ്ടതാണ്.

(4) <u>സാങ്കേതിക വിദ്യാസൗഹൃദ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക.</u>

പഠനം ലളിതവും സുഖകരവുമാക്കാൻ എല്ലാ പാഠഭാഗങ്ങളുടെയും e-content വികസിപ്പിച്ച് കുട്ടികൾക്ക് പഠിക്കാൻ കഴിയുന്ന രീതിയിൽ പോർട്ടൽ ആവശ്യമാണ്. 5,7,9 ക്ലാസിലെ മാറിയ പാഠപുസ്തകങ്ങൾക്കനുസരിച്ച് അധ്യാപകർക്കും കുട്ടികൾക്കും പഠന പ്രക്രിയയിലുടനീളം ഉപയോഗിക്കത്തക്ക വിധമുള്ള ഡിജിറ്റൽ മൾട്ടി മീഡിയ വിഭവങ്ങൾ ഉൾപ്പെടുത്തി സമഗ്ര+ ഈ അധ്യയന വർഷത്തിന്റെ ആരംഭത്തിൽ തന്നെ ലഭ്യമാക്കിയിട്ടുണ്ട്. ക്ലാസ് റൂമിലെ പഠനപ്രക്രിയയിൽ അധ്യാപകരെ സഹായിക്കുന്നതു പോലെ തന്നെ കുട്ടിയുടെ സ്വയം വിലയിരുത്തലിനെയും സ്വയം പഠനത്തെയും സഹായിക്കുന്ന തരത്തിലും, കുട്ടിയുടെ പഠനത്തിൽ കൈത്താങ്ങ് നല്കുവാൻ രക്ഷകർത്താക്കളെ സഹായിക്കുന്ന രീതിയിലുമാണ് സമഗ്ര+ ലെ പ്രവർത്തനങ്ങളും ഡിജിറ്റൽ വിഭവങ്ങളും തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ കുട്ടികളുടെ അടിസ്ഥാന വിവരങ്ങൾക്കുപരി സാമൂഹിക സാമ്പത്തിക സാംസ്കാരിക പശ്ചാത്തലം, സവിശേഷമായ കഴിവുകൾ, പ്രത്യേക പിന്തുണവേണ്ടുന്ന മേഖല തുടങ്ങിയവയും "സഹിതം" പോർട്ടലിൽ ലഭ്യമാണ്.

(5) <u>ഭരണപരമായ പ്രവർത്തനങ്ങൾ.</u>

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി പ്രാവർത്തികമാക്കുന്നതിന് ഔദ്യോഗിക സംവിധാനങ്ങളും കാര്യക്ഷമമാകേണ്ടതുണ്ട്. അധ്യാപകരെ ശാക്തീകരിക്കുന്നതിലും സമൂഹത്തിന്റെ വിശ്വാസം ആർജ്ജിക്കുന്നതിനും വിദ്യാഭ്യാസ ഓഫീസർമാരുടെ പങ്ക് നിർണ്ണായകമാണ്. അതിനായി അധ്യാപകരെ ശാക്തീകരിക്കേണ്ടതും പ്രഥമാധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകേണ്ടതുമാണ്.

(6) <u>ഗവേഷണ പ്രവർത്തനങ്ങൾ.</u>

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ പുരോഗതിയ്ക്ക് ഗവേഷണ പ്രവർത്തനങ്ങൾക്ക് വളരെയേറെ സംഭവനകൾ നൽകാൻ കഴിയും. ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ലഭ്യമാക്കാൻ ആവശ്യമായ കണ്ടെത്തലുകളും ശുപാർശകളും അതിനനുസൃതമായ വിഭവങ്ങൾ വികസിപ്പിക്കാനും ഗവേഷണ പ്രവർത്തനങ്ങൾ അടിസ്ഥാനപ്പെടുത്താവുന്നതാണ്. അത്തരത്തിൽ ഗവേഷണ ഫലങ്ങൾ സമൂഹത്തിലും ഗുണഭോക്താക്കളിലും എത്തിച്ച് വിദ്യാഭ്യാസ സംവിധാനത്തിന് സഹായകരമാകുംവിധം ഗവേഷണ പ്രവർത്തനങ്ങൾ മാറ്റേണ്ടതുണ്ട്.

(7) <u>പരിശീലന പ്രവർത്തനങ്ങൾ / ക്ലസ്റ്ററുകൾ</u>

ക്ലാസ്മുറികളിൽ കാര്യക്ഷമമായ പഠനം നടക്കുന്നതിന് അധ്യാപകരുടെ അറിവും ധാരണകളും നിരന്തരം പുതുക്കേണ്ടതുണ്ട്. വിഷയത്തിലും വിനിമയത്തിലും നൂതനമായ ധാരണകളും സങ്കേതങ്ങളും അധ്യാപകർ ആർജ്ജിക്കേണ്ടത് അനിവാര്യമാണ്. ഇതിന് തുടർച്ചയായ പരിശീലന പരിപാടികൾ നടപ്പിലാക്കേണ്ടതുണ്ട്. സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയിലെ ഘടകങ്ങൾ ഉൾപ്പെടുത്തിയും ക്യാമ്പയിന്റെ ലക്ഷ്യങ്ങൾ വിശദമാക്കുന്ന തരത്തിലും അധ്യാപക പരിശിലന മൊഡ്യൂളുകൾ തയ്യാറാക്കേണ്ടതാണ്. പ്രീ സ്കൂൾ വിദ്യാഭ്യാസം, നവ അധ്യാപക പരിശീലന പരിപാടി, പ്രഥമാധ്യാപക പരിശീലനം എന്നിവയെല്ലാം കൃത്യമായ ദിശാനിർണ്ണയം അധ്യാപകർക്ക് നൽകുന്ന രീതിയിൽ ചിട്ടപ്പെടുത്തേണ്ടതാണ്.

(8) <u>വിദ്യാലയ സമിതികൾ മറ്റ് വകുപ്പുകൾ സ്ഥാപനങ്ങളുമായുള്ള സഹകരണവും പിന്തുണയും.</u>

സ്കൂളിന്റെ ഭൗതികവും അക്കാദമികവുമായ വികസനത്തിന് പൂർവവിദ്യാർഥി സംഘടനകൾ, പൂർവാധ്യാപക കൂട്ടായ്മകൾ, വിദ്യാഭ്യാസ പ്രവർത്തകർ, രക്ഷാകർതൃ സമിതികൾ, മറ്റ് വിദ്യാലയ സമിതികൾ, ജനകീയ കൂട്ടായ്മകൾ മുതലായവരെ ചേർത്ത് സജീവമായ പ്രവർത്തന പദ്ധതികൾ തയ്യാറാക്കേണ്ടതും പ്രാദേശിക വിഭവങ്ങളെ പരമാവധി സ്കൂളിലേക്ക് ലഭ്യമാക്കേണ്ടതുമാണ്. അതോടൊപ്പം അക്കാദമിക രീതികളെക്കുറിച്ചും അവയുടെ പുരോഗതിയ്ക്ക് ആവശ്യമായ സഹായ സംവിധാനങ്ങൾ ഒരുക്കുന്നതിനും വിദ്യാലയ സമിതികളെയും ജനകീയ കൂട്ടായ്മകളെയും കൃത്യമായ ഇടവേളകളിൽ വിളിച്ചുചേർക്കേണ്ടതാണ്. മറ്റ് സർക്കാർ വകുപ്പുകളുടെ സഹകരണവും വിദ്യാഭ്യാസ ശാക്തീകരണത്തിന് മുതൽക്കൂട്ടാണ്. ഓരോ വിദ്യാലയത്തിലും നടത്തുന്ന വികസന പദ്ധതികൾ കൃത്യമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വിപുലമായ ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കേണ്ടതാണ്. സമഗ്രഗുണമേന്മ പുരോഗതിയ്ക്ക് തത്പരരായ എല്ലാവരെയും ഈ പദ്ധതിയിൽ ഉൾച്ചേർക്കാൻ ശ്രമിക്കേണ്ടതുണ്ട്.

3. പൊതുവിദ്യാഭ്യാസ രംഗത്ത് ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും അക്കാദമിക നിലവാരം ഉയർത്തുന്നതിനും പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ വിശദമായി പരിശോധിച്ചു. പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലും ടി ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്ന മാർഗരേഖയും അംഗീകരിച്ച് ഉത്തരവാകുന്നു. ഓരോ ഏജൻസിയും ഏറ്റെടുത്ത് നടപ്പിലാക്കേണ്ട/ നിർവഹിക്കേണ്ട ചുമതലകൾ മാർഗ്ഗരേഖയിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്. ഇതിനായുള്ള പ്രതീക്ഷിത ബഡ്ജറ്റും തുക ചെലവഴിക്കേണ്ട ശീർഷകവും ഉൾപ്പെടുത്തിയിട്ടുണ്ട്. അവ സമയബന്ധിതമായും ഫലപ്രദമായും ഏകോപിപ്പിച്ച് നടപ്പിലാക്കിയെന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റാണി ജോർജ്ജ്
പ്രിൻസിപ്പൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, വിദ്യാകിരണം മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി., തിരുവനന്തപുരം
ഡയറക്ടർ, സമഗ്ര ശിക്ഷാ കേരളം, തിരുവനന്തപുരം
ഡയറക്ടർ, സീമാറ്റ്-കേരള, തിരുവനന്തപുരം
ഡയറക്ടർ, എസ്.ഐ.ഇ.ടി., തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ഉത്തരവിൻ പ്രകാരം

Signed by
Anil Kumar P
Date: 22-05-2025 15:57:48
[illegible]

പകർപ്പ് . ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എ യ്ക്ക്

I. ഗുണമേന്മാ വിദ്യാഭ്യാസം - പ്രചരണ പ്രവർത്തനങ്ങൾ

| ക്രമ നം. | ലക്ഷ്യങ്ങൾ/ പ്രവർത്തനങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | സമയക്രമം | പ്രവർത്തന രീതി | പ്രതീക്ഷിത ബഡ്ജറ്റും ശീർഷകവും |
|---|---|---|---|---|---|---|
| 1. | സമഗ്രഗുണമേന്മ വിദ്യാഭ്യാസ ക്യാമ്പയിൻ<br>✓ പ്രചരണ പ്രവർത്തനങ്ങൾ<br>✓ ബോധവത്ക്കരണ പ്രവർത്തനങ്ങൾ<br>✓ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുവാനുള്ള പ്രവർത്തനങ്ങൾ | • നവകേരള മിഷന്റെ ഭാഗമായി അക്കാദമിക മികവാണ് വിദ്യാലയത്തിന്റെ മികവ് എന്ന ആശയത്തിൽ ഊന്നിയുള്ള പ്രചരണം. | | | സമഗ്രഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ നയരേഖ 2025 ഫെബ്രുവരി 18 ന് പ്രഖ്യാപിച്ചു | |
| | | 1. സംസ്ഥാനതല പ്രഖ്യാപനം ബഹു. മുഖ്യമന്ത്രി | ഡി.ജി.ഇ, എസ്.സി.ഇ.ആർ.ടി, എസ്.എസ്.കെ കൈറ്റ് | ഫെബ്രുവരി 2025 | സംസ്ഥാനത്തെ എല്ലാ പൊതു വിദ്യാലയങ്ങളിലും സംസ്ഥാനതല ആക്ഷൻ പ്ലാൻ അടിസ്ഥാനപ്പെടുത്തി പദ്ധതി രൂപീകരണം. പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ജില്ലാതല, പഞ്ചായത്ത്തല, സ്കൂൾതല സമിതികൾ ചേരേണ്ടതാണ്. | • DGE<br>Comprehensive Quality Education, 2202-02-109-71(p)<br>1 കോടി |
| | | 2. ജില്ലാതല ക്യാമ്പയിൻ - യോഗങ്ങൾ | ഡി.ജി.ഇ , ഡയറ്റ് , ഡി.പി.സി, കൈറ്റ് | ഫെബ്രുവരി - മാർച്ച് 2025 | സംസ്ഥാന തല ആക്ഷൻ പ്ലാൻ പ്രകാരമുള്ള ജില്ലാതല കർമ്മ പരിപാടികൾ ജില്ലാചുമതലയുള്ള മന്ത്രിമാരുടെ അധ്യക്ഷതയിൽ പ്രഖ്യാപിക്കുകയും സമയ ബന്ധിതമായി പ്രവർത്തനങ്ങൾ പൂർത്തിയാക്കേണ്ടതുമാണ്. | |
| | | 3. തദ്ദേശ സ്വയംഭരണ വിദ്യാഭ്യാസ സമിതികളുടെ | ഡി.ഡി.ഇ, ഡി.ഇ.ഒ, ബി,ആർ.സി, | ഫെബ്രുവരി - മാർച്ച് 2025 | തദ്ദേശസ്വയംഭരണ സമിതി യോഗങ്ങൾ രണ്ട് മാസത്തിലൊരിക്കൽ | |

| | | | | | | |
|---|---|---|---|---|---|---|
| | | രൂപീകരണം. | എ.ഇ.ഒ, പഞ്ചായത്തുകൾ/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ | ,, | ചേരേണ്ടതും ആക്ഷൻ പ്ലാൻ പ്രവർത്തന പുരോഗതി അവലോകനം ചെയ്യേണ്ടതുമാണ്. പഞ്ചായത്തിന്റെ അധീനതയിലുള്ള മുഴുവൻ കുട്ടികളുടെയും ശേഷികളുടെ വളർച്ചയിൽ മുഴുവൻ സ്ഥാപനങ്ങളെയും ചേർത്ത് ഒറ്റ യൂണിറ്റായി കണക്കാക്കി സാമ്പത്തിക സഹായവും മറ്റ് അക്കാദമിക പിന്തുണയും ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് റിപ്പോർട്ട് ഉപജില്ല / വിദ്യാഭ്യാസ ജില്ലാതല റിപ്പോർട്ട് ജില്ലകളിലേക്ക് കൈമാറേണ്ടതാണ് ജില്ലാ തലത്തിൽ ക്രോഡീകരിച്ച് അവ സംസ്ഥാനതലത്തിൽ കൈമാറേണ്ടതാണ്. അവലോകനത്തിൽ ജില്ലയിലെ മുഴുവൻ പഞ്ചായത്തുകളിലും മേൽ പ്രകാരം പി.ഇ.സി/എം.ഇ.സി. ചേരുന്നുണ്ടെന്ന് ഉറപ്പാക്കുകയും ആക്ഷൻ പ്ലാൻ പുരോഗതി വിലയിരുത്തേണ്ടതുമാണ്. | |
| | | 4. സ്കൂൾ തലസമിതികളുടെ രൂപീകരണം. | എച്ച്.എം, പി.ടി.എ, എം.പി.ടി.എ, എസ്.എം.സി, | ഫെബ്രുവരി, മാർച്ച് 2025 | സ്കൂൾ തല സമിതികൾ അക്കാദമിക പിന്നോക്കാവസ്ഥ കണ്ടെത്തി പ്രശ്ന പരിഹാരത്തിനുള്ള പദ്ധതി | |

| | | | | | | |
|---|---|---|---|---|---|---|
| | | | എസ്.ആർ.ജി മുതലായവ | | തയ്യാറാക്കേണ്ടതാണ്. പൊതു സമൂഹവുമായുള്ള ബന്ധം ദൃഢപ്പെടുത്തുന്നതിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും കുട്ടികളുടെ വൈകാരിക മാനസിക ആരോഗ്യം മെച്ചപ്പെടുത്തുന്നതിനും അതാത് മേഖലകളിൽ കഴിവും പരിമിതിയും തിരിച്ചറിഞ്ഞ് പരിമിതികൾക്ക് പരിഹാരമായാണ് ആക്ഷൻ പ്ലാൻ രൂപപ്പെടുത്തേണ്ടത്. ഓരോ ക്ലാസിലും കുട്ടികൾ നേടേണ്ട പഠനലക്ഷ്യങ്ങൾ പട്ടികപ്പെടുത്തിസാധാരണക്കാർക്കമനസ്സിലാകും വിധം പ്രദർശിപ്പിക്കേണ്ടതാണ്. | |
| | | • പഠനോത്സവങ്ങൾ | സ്കൂൾ, എസ്.എസ്.കെ, പഞ്ചായത്ത് | ഏപ്രിൽ -മെയ് 2025 | കുട്ടികൾ നടത്തുന്ന അവതരണങ്ങൾ അവർ ആർജ്ജിച്ച പഠന നേട്ടങ്ങളുടെ തെളിവുകളായി പഠനോത്സവങ്ങളായി മാറേണ്ടതുണ്ട്. അക്കാദമിക പ്രവർത്തനങ്ങളുടെ സോഷ്യൽ ഓഡിറ്റും ഇതിലൂടെ സാധ്യമാകും. ഉദാ: ഭാഷാപരമായ ശേഷി കുട്ടി ആർജ്ജിച്ചിട്ടുണ്ട് എന്ന് പഠനോത്സവത്തിലൂടെ പൊതു സമൂഹത്തെ അറിയിക്കേണ്ടതുണ്ട്. | • **SSK** STARS SIG – 2 3 കോടി രൂപ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | കുട്ടികളുടെ പെർഫോമൻസ് അസസ്മെന്റിലൂടെ വെളിവാക്കേണ്ടതുണ്ട്). | |
| | | • ഭവന സന്ദർശനം | സ്കൂൾ, പഞ്ചായത്ത്,ബി. ആർ.സി, സന്നദ്ധ സംഘടനകൾ | ഫെബ്രുവരി -ജൂൺ 2025 | കുട്ടിയുടെ സമഗ്ര പ്രൊഫൈൽ തയ്യാറാക്കുന്നതിന് അനിവാര്യമായുള്ള സന്ദർഭങ്ങളിൽ മാത്രം ഭവന സന്ദർശനം നടത്തേണ്ടതും സഹായം ലഭ്യമാക്കേണ്ട അവസരത്തിൽ പഞ്ചായത്ത് സമിതികളോ മറ്റ് സന്നദ്ധ കൂട്ടായ്മയിലൂടെയൊ പിന്തുണ നൽകേണ്ടതാണ്. (ഉദാ: പഠന മുറി , പഠന സാമഗ്രി മുതലായവ) | |
| | | • ക്യാമ്പയിൻ സോഷ്യൽ മീഡിയ പ്രചരണം | കൈറ്റ് , വിക്ടേഴ്സ് ചാനൽ , എസ്.ഐ.ഇ.റ്റി , സ്കൂൾ | ഫെബ്രുവരി - ജൂൺ 2025 | പ്രചരണ പ്രവർത്തനങ്ങൾക്ക് കൈറ്റ് , വിക്ടേഴ്സ് ചാനൽ , എസ്.ഐ. ഇ. റ്റി സ്കൂൾ എന്നിവ പ്രചരണ പരിപാടികൾക്ക് നേതൃത്വം നൽകേണ്ടതും പ്രചരണ സാമഗ്രികൾ സാമൂഹിക മാധ്യമ പ്ലാറ്റ്ഫോമിലൂടെയും പ്രചരിപ്പിക്കേണ്ടതുമാണ്. | |
| | | • വിവിധ വിദ്യാഭ്യാസ ഏജൻസികളുടെ | ഡി.ജി.ഇ, എസ്.എസ്.കെ | | പ്രചരണത്തിന്റെ ഭാഗമായി ഓരോ സ്കൂളിലും നടക്കുന്ന പ്രവർത്തനങ്ങൾ | • DGE Comprehensive Quality Education, |

| | | | | | | |
|---|---|---|---|---|---|---|
| | | സഹായത്തോടെ സംസ്ഥാന ജില്ലാ, ഉപജില്ലാ അടിസ്ഥാനത്തിൽ പ്രചാരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ | കൈറ്റ് , വിക്ടേഴ്സ് ചാനൽ , എസ്.ഐ.ഇ.റ്റി , സ്കൂൾ, പഞ്ചായത്ത് | | സ്കൂൾ ബ്ലോഗിലോ സ്കൂൾ വിക്കിയിലോ ചേർക്കുന്നുണ്ടെന്ന് സ്കൂൾ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്. പ്രചരണ പരിപാടികൾ, ഡി.ജി.ഇ യിലെ സെൽ മോണിറ്റർ ചെയ്യുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ മോണിറ്ററിംഗ് സെൽ രൂപീകരിക്കേണ്ടതാണ്. | 2202-02-109-71(p) 70 ലക്ഷം |

I. <u>അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ഗുണമേന്മ ഉറപ്പാക്കുക</u>

| ക്രമ നം. | ലക്ഷ്യങ്ങൾ | നിർദ്ദിഷ്ട പ്രവർത്തനങ്ങൾ | സംസ്ഥാന ചുമതല | സമയക്രമം | പ്രവർത്തനരീതി | പ്രതീക്ഷിത ബഡ്ജറ്റും ശീർഷകവും |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 2.1 | STATE ACHIEVEMNT SURVEY (SAS) - 2025 - 26 | • സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും 3 മുതൽ 9 വരെയുള്ള എല്ലാ ക്ലാസ്സുകളിലും SAS നടപ്പിലാക്കൽ. | DGE, SCERT SSK | ജൂൺ - ഡിസംബർ 2025. | പി.ആർ.എസ്. 2024 നടത്തുന്നതിന് തയ്യാറാക്കിയ പദ്ധതിയുടെ മാതൃകയിലുള്ള പ്രവർത്തനങ്ങൾ. | • **SSK** State level Assessment 2.8 കോടി രൂപ |
| | | • SAS നടപ്പിലാക്കുന്നതിന് പ്രത്യേക ടൈം ഷെഡ്യൂൾ തയ്യാറാക്കൽ. | DGE, SCERT SSK | ജൂൺ 2025 | ടൈം ഷെഡ്യൂൾ തയ്യാറാക്കി സമയബന്ധിതമായി എല്ലാ വിദ്യാലയങ്ങൾക്കും നൽകേണ്ടതാണ് . | |
| | | • കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് പഠന സാമഗ്രികൾ , മാതൃകാ ചോദ്യങ്ങൾ സ്കൂളുകൾക്ക് വിതരണം ചെയ്യുന്നതിനായി തയ്യാറാക്കൽ. ടെർമിനൽ പരീക്ഷയോട് അനുബന്ധമായി competency based ചോദ്യങ്ങൾ പാർട്ട് ബി എന്ന വിഭാഗത്തിൽ (ഒബ്ജക്ടീവ് ടൈപ്പ്) | SCERT SSK | ജൂൺ - ഡിസംബർ 2025 | ടെർമിനൽ പരീക്ഷയോട് അനുബന്ധമായി **SAS** മാതൃകാ ചോദ്യങ്ങളും ഉൾപ്പെടുത്തേണ്ടതും കുട്ടികൾക്ക് പ്രത്യേക പരിശീലന സാമഗ്രികൾ നൽകേണ്ടതുമാണ്. | • **SSK** STARS Post NAS Activities – SIG – 3 3 കോടി രൂപ<br>• SCERT 2202-80-004-91-00-36-00-p-v 25 ലക്ഷം |
| | | • രണ്ട് / മൂന്ന് മാതൃകാ പരീക്ഷകളും പ്രതിവാര പരീക്ഷകളും നടത്തുന്നു. ഓരോ പരീക്ഷയിലും ഓരോ സ്കൂളിന്റെയും ഫലം വിശകലനം ചെയ്ത് പിന്നാക്കം നിൽക്കുന്ന സ്കൂൾ/ ക്ലാസുകൾക്ക് പിന്തുണ നൽകൽ. | DDE SCERT SSK | ജൂൺ - ഡിസംബർ 2025 | പരീക്ഷയ്ക്കാവശ്യമായ പിന്തുണ നൽകി ക്ലാസ് തല പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തേണ്ടതാണ്. | • **SSK** Innovation 20 ലക്ഷം രൂപ<br>STARS SIG – 3 75 ലക്ഷം രൂപ |
| | | • പിന്നോക്കം നിൽക്കുന്ന | DDE, | ജൂൺ | പഞ്ചായത്ത് | |

| | | | | | | |
|---|---|---|---|---|---|---|
| | | സ്കൂളുകൾക്ക് ആവശ്യമായ പിന്തുണ പഞ്ചായത്ത് തലത്തിലും ജില്ലാതലത്തിലും ലഭ്യമാക്കൽ. | Panchayath | -ഡിസംബർ 2025 | തലസമിതികൾ , ജില്ലാതല സമിതികൾ അക്കാദമികമായി പിന്നാക്കം നിൽക്കുന്ന സ്കൂളുകൾക്ക് ആവശ്യമായ സഹായം നൽകേണ്ടതാണ്. | |
| | | • പിന്നോക്കം നിൽക്കുന്ന സ്കൂളുകൾ സന്ദർശിക്കലും തൽസമയ പിന്തുണ ഉറപ്പാക്കലും. | DDE, DIET, DEO, AEO, DPC/BPC, HM TRAINERS, CRCC, | ജൂൺ -ഡിസംബർ 2025 | അക്കാദമിക മോണിറ്ററിംഗിന്റെ ഭാഗമായി സംസ്ഥാന/ജില്ലാതല/ ഉപ ജില്ലാതല ടീം, സ്കൂളുകൾ സന്ദർശിച്ച് ആവശ്യമായ പിന്തുണ നൽകേണ്ടതാണ്. | • **DGE** Comprehensive Quality Education, 2202-02-109-7(p) 1 കോടി |
| 2.2 | ക്ലാസ്റൂം മുഖാമുഖ പഠനത്തിന് പാഠ്യപദ്ധതി പ്രകാരം നിശ്ചയിച്ച സമയം ഉറപ്പുവരുത്തുക | • സ്കീം ഓഫ് വർക്ക് എസ്.സി.ഇ.ആർ.ടി തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. സമഗ്ര +ൽ ഇത് ഉൾപ്പെടുത്തിയിട്ടുമുണ്ട്. വിഷയാടിസ്ഥാനത്തിലുള്ള പാഠഭാഗങ്ങൾ പൂർത്തീകരിക്കലും മൂല്യ നിർണ്ണയവും | DGE, SCERT, SSK | ഫെബ്രുവരി - മാർച്ച് 2025, 2025-26 അക്കാദമിക വർഷം | • ജില്ലാതല കൺവെർജൻസിൽ അക്കാദമിക മികവിന് ഊന്നൽ നൽകി വിദ്യാലയങ്ങളുടെ പൊതുവിലെ അവസ്ഥ വിശകലനം ചെയ്ത് മുൻഗണന നൽകി പ്രവർത്തനങ്ങൾ രൂപപ്പെടുത്തണം.<br>• ഭാഷ, ശാസ്ത്ര, സാമൂഹ്യശാസ്ത്ര, ഗണിതശേഷി വർദ്ധിപ്പിക്കുന്ന തരത്തിൽ അക്കാദമിക | |

| | | | | | | |
|---|---|---|---|---|---|---|
| | | • സ്കൂൾ തല പിന്തുണാ പ്രവർത്തനങ്ങൾക്ക് അക്കാദമിക മോണിറ്ററിംഗ് ശക്തമാക്കൽ. | DDE , DEO, AEO, DIET, SSK, KITE | ഫെബ്രുവരി - മാർച്ച് 2025, | വർഷത്തിൽ ഉടനീളം കലണ്ടർ തയ്യാറാക്കേണ്ടതാണ്.<br>• ആശയ ഗ്രഹണ വായനയിലെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി പാഠ്യപദ്ധതിയുമായി ബന്ധപ്പെടുത്തി സ്കൂൾതല ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതാണ്.<br>• ആശയഗ്രഹണ വായനയ്ക്ക് അവസരം നൽകുന്ന പ്ലാൻ ടീച്ചിംഗ് മാനുവലിൽ ഉൾപ്പെടുത്തണം.<br>• ശാസ്ത്ര പഠനം പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന രീതിയിൽ നടപ്പിലാക്കണം.<br>• ശാസ്ത്ര വിഷയങ്ങളിൽ പരീക്ഷണ പ്രവർത്തനങ്ങൾ വിലയിരുത്തലിന്റെ ഭാഗമാക്കണം.<br>• അക്കാദമിക മോണിറ്ററിംഗിന്റെ സംസ്ഥാനതല അവലോകനത്തിൽ വിദ്യാലയങ്ങളുടെ | • **DGE**<br>Academic monitoring 2202-02-001-78(p) |

| | | | | | | |
|---|---|---|---|---|---|---|
| | | • പുതുക്കിയ പാഠ പുസ്തകങ്ങളുടെ പഠനലക്ഷ്യങ്ങൾ അടിസ്ഥാനപ്പെടുത്തി **Scheme of Work** തയ്യാറാക്കൽ | | 2025-26 അക്കാദമിക വർഷം | മികവുകളും പരിമിതികളും പരിശോധിച്ച് അക്കാദമിക പിന്തുണക്കായി ഡയറ്റുകളുടെ സേവനം കൂടി ഉപയോഗപ്പെടുത്തി പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തേണ്ടതാണ്. | 75 ലക്ഷം |
| 23 | സ്കൂൾ എസ്.ആർ.ജി.കൾ ഓരോ ആഴ്ചയും ചേർന്ന് അക്കാദമിക് പ്രവർത്തനങ്ങൾ പ്ലാൻ ചെയ്ത് ടീച്ചിംഗ് മാന്വൽ തയ്യാറാക്കുന്നു. | • എസ്.ആർജി / സബ്ജക്ട് കൗൺസിൽ യോഗങ്ങൾ അക്കാദമിക പ്രശ്ന പരിഹാരത്തിനുള്ള ആസൂത്രണ വേദിയാക്കൽ<br>• എസ്.ആർ.ജിയിലെ പ്രധാന അക്കാദമിക തീരുമാനങ്ങൾ സമഗ്ര+ൽ ഓൺലൈനായി രേഖപ്പെടുത്തൽ. | HM/ SRG/Subject Council | 2024-25 അധ്യയന വർഷവും തുടർന്നുള്ള വർഷങ്ങളിലും | • വിദ്യാലയത്തിന്റെ അക്കാദമിക അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനായി എസ്.ആർ.ജി യോഗങ്ങൾ സമയബന്ധിതമായും ശാസ്ത്രീയമായും പൂർത്തിയാക്കണം.<br>• ഓരോ വിഷയത്തിനും പ്രാധാന്യം നൽകുന്ന രീതിയിൽ എസ്.ആർ.ജി ചേരണം.<br>• സ്കൂൾ സമയം കഴിഞ്ഞും എസ്.ആർ.ജി ചേരാവുന്നതാണ്.<br>• അക്കാദമിക ഉണർവ്വിന്റെ തെളിവായി കുട്ടികളുടെ പഠന തെളിവുകൾ, റഫറൻസ് | |

| | | | | | | |
|---|---|---|---|---|---|---|
| | | | | | ചാർട്ടുകൾ, പഠന ഉപകരണങ്ങൾ, പതിപ്പുകൾ ടീച്ചർ വേർഷനുകൾ തുടങ്ങി പഠനവുമായി ബന്ധപ്പെട്ട സാമഗ്രികൾ എന്നിവയുടെ സഹായത്തോടെ എസ്.ആർ.ജിയിൽ അവതരണം.<br><br>• കുട്ടികൾ നേരിടുന്ന അക്കാദമിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു ള്ള പദ്ധതി സ്കൂൾ തല ആക്ഷൻ പ്ലാനിൽ ചേർക്കേണ്ടതാണ്.<br><br>• സ്കൂളുകളിൽ പ്രത്യേകം തയ്യാറാക്കിയ കലണ്ടർ പ്രകാരം ക്ലാസ് പി.ടി.എ യോഗങ്ങൾ ചേർന്ന് അക്കാദമിക പുരോഗതിഅറിയി ക്കേണ്ടതാണ്.<br><br>• അക്കാദമിക | |

| | | | | | | |
|---|---|---|---|---|---|---|
| | | • എസ്.ആർ.ജി തീരുമാനങ്ങൾ വിദ്യാഭ്യാസ ഓഫീസർമാരുടെ മോണിറ്ററിങ്ങിൽ പരിശോധിക്കൽ. | DGE, DDE, DEO, AEO, DIET | | മോണിറ്ററിംഗിൽ വിദ്യാഭ്യാസ ഓഫീസർമാർ ഇത് പ്രവർത്തനങ്ങൾ പരിശോധിക്കേണ്ടതാണ് | • **<u>DGE</u>**<br>Comprehensive Quality Education, 2202-02-109-71(p)<br>60 ലക്ഷം. |
| 2.4 | ഓരോ ക്ലാസിലും/ വിഷയത്തിലും കുട്ടികൾ ആർജ്ജിക്കേണ്ട ശേഷികൾ കണ്ടെത്തുക. | • കരിക്കുലം വിഭാവനം ചെയ്ത രീതിയിൽ ഓരോ ക്ലാസിലും പരിഷ്കരിച്ച പുസ്തകങ്ങളുടെ അടിസ്ഥാനത്തിൽ കുട്ടികൾ നേടേണ്ട ശേഷികൾ / പാഠലക്ഷ്യങ്ങൾ സംബന്ധിച്ച രേഖ തയ്യാറാക്കലും സമഗ്ര പോർട്ടലിൽ അപ്ലോഡ് ചെയ്യലും. | SCERT, KITE, HM, TEACHERS | 2024-2025 അധ്യയന വർഷവും തുടർന്നുള്ള വർഷങ്ങളിലും | • 1, 3, 5 7, 9 ക്ലാസുകളിലെ പരിഷ്കരിച്ച പാഠപുസ്തകങ്ങളുടെ ടീച്ചർ ടെക്സ്റ്റുകളിൽ പാഠ ലക്ഷ്യങ്ങളും നേടേണ്ട ശേഷികളും സംബന്ധിച്ച് സമഗ്ര പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>• 2, 4, 6, 8, 10 ക്ലാസുകളിലെ സിലബസ് ഗ്രിഡ് പ്രകാരമുള്ള പാഠലക്ഷ്യങ്ങൾ അടുത്ത അക്കാദമിക വർഷം എസ്.ഇ.ആർ.ടി വികസിപ്പിക്കേണ്ടതാണ്.<br>• ഓരോ പാഠ | • <u>SCERT</u><br>2202-80-004-91-00-36-00-p-V<br>20 ലക്ഷം. |

| | | | | | | |
|---|---|---|---|---|---|---|
| | | | | | ലക്ഷ്യങ്ങൾ ഏതു തലം വരെ നേടി എന്നത് ബോധ്യമാകുന്ന തരത്തിൽ നില നിർണ്ണയ സൂചകങ്ങൾ വികസിപ്പിച്ച് സഹിതം പോർട്ടലിൽ ചേർക്കണം. | |
| | | • സഹിതം പോർട്ടൽ ലോഗിൻ രക്ഷകർത്താക്കൾക്ക് നൽകൽ. | DGE, KITE | 2024-25 അധ്യയന വർഷവും തുടർന്നുള്ള വർഷങ്ങളിലും | • സഹിതം പോർട്ടലിൽ രക്ഷിതാക്കൾക്ക് ലോഗിൻ നൽകി കുട്ടികളുടെ പഠന നില അവരെയും ബോധ്യപ്പെടുത്തേണ്ടതാണ്. | |
| | | • സഹിതം പോർട്ടൽ അടിസ്ഥാനപ്പെടുത്തി ക്ലാസ് പി.ടി.എയിൽ അവതരണം. | HM/PTA | | • ക്ലാസ് പി ടി എയിൽ കുട്ടികളുടെ അക്കാദമിക അവസ്ഥ സംബന്ധിച്ച ചർച്ച നടത്തേണ്ടതാണ്. | |
| | | • പഞ്ചായത്ത് തല സമിതികളിൽ അവതരണവും പിന്തുണ നൽകലും | School, AEO,DEO, Panchayath | | • പഞ്ചായത്ത് തല സമിതികളിൽ ഏതെങ്കിലും സ്കൂളുകൾക്ക് / ക്ലാസുകൾക്ക് സഹായം ആവശ്യമെങ്കിൽ ആയത് | |

| | | | | | | |
|---|---|---|---|---|---|---|
| | | | | | നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | |
| 2.5 | കരിക്കുലം നിശ്ചയിച്ച ശേഷികൾ ഓരോ ക്ലാസിലും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പുവരുത്തുക. | • സഹിതം പോർട്ടൽ അടിസ്ഥാനപ്പെടുത്തി ഓരോ ക്ലാസിലും കുട്ടികൾ നേടേണ്ട ശേഷികൾ നിശ്ചിത സൂചകങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തൽ<br><br>• പഠന ലക്ഷ്യങ്ങൾ ആർജ്ജിക്കുന്നതിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി മെന്റർമാരെ നിശ്ചയിക്കൽ.<br><br>• വിവിധ മേഖലകളിൽ കുട്ടികൾക്കുള്ള പിന്തുണ വ്യക്തിപരമായി നൽകൽ. | HM , TEACHERS, KITE, SCERT<br><br>HM , TEACHERS<br><br>DDE, HM, TEACHERS, PANCHAYATH, SOCIAL JUSTICE..... | 2024-25 അധ്യയന വർഷവും തുടർന്നുള്ള വർഷങ്ങളിലും<br><br>" | • ഓരോ ക്ലാസിലും കുട്ടികൾ നേടേണ്ട പഠന ലക്ഷ്യങ്ങളുടെ നിലനിർണ്ണയം എസ്.സി.ഇ.ആർ.ടി വികസിപ്പിക്കേണ്ടതാണ്.<br><br>• ആയത് സഹിതം പോർട്ടലിൽ ചേർക്കേണ്ടതാണ്.<br><br>• നിരന്തര വിലയിരുത്തലിന്റെ ഭാഗമായി കുട്ടികളുടെ നില നിർണ്ണയിച്ച് അധ്യാപകർ സഹിതം പോർട്ടലിൽ അടയാളപ്പെടുത്തേണ്ടതാണ്.<br><br>• പിന്നാക്കം നിൽക്കുന്ന മേഖലകളിൽ തുടർ പിന്തുണ വ്യക്തിഗതമായി കുട്ടികൾക്ക് നൽകേണ്ടതാണ്.- അധ്യാപകർ മെന്റർമാരായി | |

| | | | | | | |
|---|---|---|---|---|---|---|
| | | | | | പ്രവർത്തിക്കേണ്ടതാണ്.<br>• ഇത്തരം പിന്തുണകളുടെ ഫലപ്രാപ്തി അധ്യാപകരും സ്കൂളും വിദ്യാഭ്യാസ ഓഫീസർമാരും മോണിറ്റർ ചെയ്യേണ്ടതാണ്. | |
| | | • നിരന്തരമൂല്യ നിർണ്ണയം അദ്ധ്യാപക പരിശീലനം<br>• നിരന്തര മൂല്യനിർണ്ണയം കാര്യക്ഷമമാക്കുന്നതിനായി സഹിതം പോർട്ടൽ വഴി രേഖപ്പെടുത്തൽ. | KITE, SSK, SCERT | 2024-25 അധ്യന വർഷവും തുടർന്നുള്ള വർഷങ്ങളിലും | • ക്ലാസ് പി ടി എയിൽ കുട്ടികൾ നേടിയ മികവുകളും മെച്ചപ്പെടേണ്ട മേഖലകളും രക്ഷിതാക്കളുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്. | • SCERT 2202-80-004-91-00-36-00-p-v 30 ലക്ഷം |
| | | • നൽകിയ പിന്തുണകളുടെ ഫലപ്രാപ്തി വിവിധ തലത്തിൽ മോണിറ്റർ ചെയ്യൽ. | DGE , DDE, DEO, AEO, HM | 2024-25 അധ്യന വർഷവും തുടർന്നുള്ള വർഷങ്ങളിലും | • വിവിധ വിദ്യാലയങ്ങളിൽ സഹിതം പോർട്ടലിൽ രേഖപ്പെടുത്തിയ കുട്ടികളുടെ പഠനനില സംബന്ധിച്ച റിപ്പോർട്ട് PEC യിൽ വിശകലനം ചെയ്യേണ്ടതാണ്.<br>• നിരന്തര മൂല്യ നിർണ്ണയം സഹിതം പോർട്ടൽ മുഖേന നടത്തുന്നതിന് അധ്യാപകർക്ക് പരിശീലനം | • DGE Comprehensive Quality Education, 2202-02-109-71(p) 50 ലക്ഷം |

| | | | | | | |
|---|---|---|---|---|---|---|
| | | | | | നൽകേണ്ടതാണ്.<br>• വിദ്യാഭ്യാസ ഓഫീസർമാരുടെ ജില്ലാതല കൺവേർജൻസിലും ഈ വിഷയം ചർച്ച ചെയ്ത് സംസ്ഥാന തലത്തിൽ റിപ്പോർട്ട് അവതരിപ്പിക്കേണ്ടതാണ് | |
| 2.6 | ഓരോ ടേം പരീക്ഷയ്ക്ക ശേഷവും കുട്ടികൾക്കുവേണ്ട പ്രത്യേക പഠന പിന്തുണാ പരിപാടി സംഘടിപ്പിക്കുക. | • ഈ അധ്യയന വർഷം 8 -ാം ക്ലാസിലും തുടർന്നുള്ള വർഷങ്ങളിൽ 9, 10 ക്ലാസുക ളിലും എഴുത്തുപരീക്ഷയിൽ മിനിമം മാർക്ക് നേടാത്ത കുട്ടികൾക്കായുള്ള പ്രത്യേക പഠന പിന്തുണ പരിപാടി. | DGE , SCERT, KITE | മാർച്ച് - ജൂൺ 2025 | | |
| | | 1. പഠന പിന്തുണയ്ക്കും പരിഹാര ബോധനത്തിനുമായി മാർഗ നിർദേശങ്ങളും ഉദാഹരണങ്ങളും വികസിപ്പിക്കൽ. | SCERT | മാർച്ച് 2025 | • 2025 മാർച്ച് മാസത്തിലെ വാരാന്ത്യ പരീക്ഷയിലെ പ്രകടനത്തെ വിലയിരുത്തി തുടർ പിന്തുണയ്ക്കായി മാർഗ നിർദേശങ്ങൾ എസ്.സി.ഇ.ആർ.ടി പുറപ്പെടുവിക്കേണ്ടതാണ്. സമഗ്ര+ | • SCERT 2202-80-004-91-00-36-00-p-v 10 ലക്ഷം |

| | | | | | | |
|---|---|---|---|---|---|---|
| | | 2. കുട്ടികളുടെ മൂല്യനിർണ്ണയ സ്കോറുകൾ രേഖപ്പെടുത്താൻ സഹിതം പോർട്ടൽ സജ്ജമാക്കൽ<br>3. അധ്യാപകർ, എസ് എസ് കെ പ്രവർത്തകരുടെ നേതൃത്വത്തിൽ തുടർ പിന്തുണ നൽകൽ<br>4. വിലയിരുത്തൽ<br>5. പഠന പിന്തുണ നൽകിയിട്ടും അക്കാദമിക സഹായം ആവശ്യമുള്ള കുട്ടികളുടെ പ്രത്യേക പരിപാടി | KITE<br>HM, SRG, TEACHERS, SSK(BRC)<br>HM, TEACHERS<br>HM, TEACHERS | ജൂൺ 2025<br>ഏപ്രിൽ 2025<br>മെയ് 2025<br>ജൂൺ 2025 | പോർട്ടലിൽ ഇത് ഉൾപ്പെടുത്തേണ്ടതാണ് .<br>• അധ്യാപകർ, എസ്. എസ്. കെ. പ്രവർത്തകരുടെ നേതൃത്വത്തിൽ മിനിമം മാർക്ക് കൈവരിക്കാത്ത കുട്ടികൾക്ക് പിന്തുണ നൽകേണ്ടതാണ്.<br>• ഇത്തരം പിന്തുണ ഉറപ്പാക്കിയതിനു ശേഷം കുട്ടികളെ ഒരിക്കൽ കൂടി വിലയിരുത്തേണ്ടതാണ് . ഇനിയും അക്കാദമിക ശ്രദ്ധ വേണ്ട കുട്ടികൾക്ക് സ്കൂൾ തലത്തിൽ പ്രത്യേക പദ്ധതി തയ്യാറാക്കി സഹായം നൽകേണ്ടതാണ്. | • SSK<br>SSK - LEP<br>3 കോടി രൂപ |
| 2.7 | SC/ST മേഖലകൾ, പ്രത്യേക ശ്രദ്ധ വേണ്ട മറ്റു മേഖലകൾ, എന്നിവർക്കായി പ്രത്യേകം പദ്ധതികൾ നടപ്പിലാക്കുക. | • എസ്.റ്റി വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയാനും പരീക്ഷകളിൽ മികച്ച വിജയം നേടാനുമായി വിവിധ വകുപ്പുകളെ സംയോജിപ്പിച്ചുള്ള പ്ലാനിംഗ് ബോർഡ് തയ്യാറാക്കിയ പ്രത്യേക പദ്ധതി നടപ്പിലാക്കൽ.<br>• തീരദേശമേഖലയിൽ | DGE<br>SSK | ജൂൺ 2025<br>2024-25, 2025-26 | • എസ്.സി./എസ്.റ്റി മേഖലയിലെ കുട്ടികളുടെ കൊഴിഞ്ഞു പോക്ക് തടയുന്നതിനായി വിവിധ വകുപ്പുകളെ സംയോജിപ്പിച്ച് സംസ്ഥാനതല | • DGE<br>1.Special Enrichment Programme<br>2202-02-109-71<br>2,68,00,000കോടി |

| | | | | | | |
|---|---|---|---|---|---|---|
| | | എസ്.എസ്.കെ യുടെ നേതൃത്വത്തിലുള്ള ബീച്ച് ടു ബെഞ്ച് പദ്ധതി<br>• ആദിവാസ മേഖലയിലെ കുട്ടികൾക്കായുള്ള "പരിപ്പുരാസി" പദ്ധതി<br>• മഹിളാ സമഖ്യ സൊസൈറ്റിയുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന ഗോത്രയാനം പദ്ധതി.<br>• SCAFFOLD – ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാർത്ഥികൾക്കുള്ള പദ്ധതി<br>• പ്രാദേശിക പ്രതിഭാകേന്ദ്രങ്ങൾ<br>• ഔട്ട് ഓഫ് സ്കൂൾ കുട്ടികളുടെ വിദ്യാഭ്യാസം | SSK<br><br>മഹിളാ സമഖ്യ<br><br>SSK<br>"<br>"<br>"<br>"<br>"<br>"<br>"<br>" | അധ്യയന വർഷം | കോഡിനേഷൻ കമ്മിറ്റി ചേർന്ന് തുടർ പ്രവർത്തനം ആസൂത്രണം ചെയ്ത് വരികയാണ്. പ്ലാനിംഗ് ബോർഡ് മെമ്പർ, പൊതുവിദ്യാഭ്യാസ ഡയറക്ടർ എന്നിവരുടെ നേതൃത്വത്തിൽ വയനാട് ജില്ലാതല യോഗം ഡിസംബർ 13ന് ചേരുകയുണ്ടായി. ഈ പദ്ധതിയുടെ ഫലപ്രാപ്തിയുടെ അടിസ്ഥാനത്തിൽ മറ്റ് ജില്ലകളിലേക്കും പദ്ധതി വ്യാപിപ്പിക്കേണ്ടതാണ്.<br>• പ്രസ്തുത പദ്ധതിക്കായി എല്ലാ വകുപ്പുകളുടേയും ഏകോപനത്തോടുകൂടി കർമ്മ പദ്ധതി തയ്യാറാക്കേണ്ടതാണ്.<br>• കർമ്മ പദ്ധതിയിൽ ഹ്രസ്വകാല ദീർഘകാല പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തി മേൽ പദ്ധതി ഏകോപിപ്പിക്കേണ്ടത | 2. Comprehensive Quality Education, 2202-02-109-71(p) 30 ലക്ഷം<br>• SSK<br>SSK – Access STARS – SIG 3<br>1.5 കോടി രൂപ<br>• SSK<br>STARS – SIG 2<br>9 കോടി രൂപ<br>• SSK - Innovation<br>2.8 കോടി രൂപ<br>• SSK – Out of School Children<br>1.1 കോടി രൂപ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | ുമാണ്.<br>• അക്കാദമിക പരിഗണനയ്ക്കായി പഠനോപകരണ വിതരണം ചെയ്യുന്നതിനും സാമൂഹിക പശ്ചാത്തലം മെച്ചപ്പെടുത്തുന്നതിന് എസ് എസ് കെ നടപ്പിലാക്കുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കേണ്ടതും ഫലപ്രാപ്തി വിശകലനം നടത്തേണ്ടതുമാണ്. | • SSK - TLM<br>10 കോടി രൂപ<br>STARS – SIG 1, 3<br>10 കോടി രൂപ |
| 2.8 | കൂടുതൽ ശ്രദ്ധ വേണ്ട വിഷയങ്ങൾക്ക് (ഉദാ : ഗണിതശാസ്ത്രം, സയൻസ്, ഭാഷ, സോഷ്യൽ സയൻസ്, ഇംഗ്ലീഷ് പ്രത്യേക പദ്ധതികൾ നടപ്പിലാക്കണം.) | 1. ഗണിതശാസ്ത്രത്തിനായി പ്രത്യേക പദ്ധതി .<br>• മഞ്ചാടി<br>• ഉല്ലാസഗണിതം<br>• ഗണിത വിജയം<br>• അളക്കാം പഠിക്കാം<br>• ഗണിത കിറ്റ്<br>• ഗണിത പാർക്ക്<br>2. ഭാഷ വിഷയങ്ങൾക്കായി<br>• മലയാളത്തിളക്കം | DGE, SSK | 2024-25 , 2025 – 26 | • പാഠ ഭാഗങ്ങളുമായി ബന്ധപ്പെടുത്തി മാത്രം കൂടുതൽ ശ്രദ്ധ വേണ്ട വിഷയങ്ങൾക്കുള്ള സവിശേഷ പ്രവർത്തനം നടപ്പിലാക്കേണ്ടതാണ്. ഓരോ യൂണിറ്റിനേയും അടിസ്ഥാനപ്പെടുത്തി നൂതന പ്രവർത്തനങ്ങൾ | • **DGE**<br>Comprehensive Quality Education, 2202-02-109-71(p)<br>70 ലക്ഷം<br>• SSK - LEP<br>10 കോടി രൂപ<br>RAA<br>10 കോടി രൂപ |

| | | | | | | |
|---|---|---|---|---|---|---|
| | | • ഭാഷാ ഉത്സവം<br>• സുരീലി ഹിന്ദി<br>• ഇ ക്യൂബ് ഹിന്ദി , ഇ ക്യൂബ് ഇംഗ്ലീഷ്<br>3.സയൻസ് വിഷയങ്ങൾക്കായി<br>• ശാസ്ത്രപാർക്ക്<br>• ശാസ്ത്രപഥം<br>• സ്കൂൾ ഇന്നവേഷൻ പ്രോഗ്രാം<br>• ടിങ്കറിംഗ് ലാബ്<br>• ശാസ്ത്ര ലാബ്<br>• ഇന്റഗ്രേറ്റഡ് ലാബ്<br>4.സോഷ്യൽ സയൻസ്<br>• കാർട്ടോഗ്രാഫി ലാബ്<br>• പാദമുദ്രകൾ | | | ഉൾപ്പെടുത്തേണ്ടതാണ്.<br>• കൂടുതൽ ശ്രദ്ധ വേണ്ട വിഷയങ്ങൾക്ക് പ്രത്യേക പദ്ധതി രൂപീകരിച്ച് പാഠ്യ പദ്ധതിയ്ക്ക് അനുബന്ധമായി നടപ്പിലാക്കേണ്ടതാണ്. | • **SSK - LEP**<br>10 കോടി രൂപ<br>STARS – SIG 1<br>1.5 കോടി രൂപ<br>STARS – SIG 3<br>1 കോടി രൂപ<br>STARS – SIG 3<br>1 കോടി രൂപ |
| | | 5. ഫലപ്രാപ്തി വിലയിരുത്തൽ | DGE, SCERT, SSK, KITE | 2025 -26 | പദ്ധതിയുടെ ഫലപ്രാപ്തി വിലയിരു ത്തുന്നതിനായി അവലോകനം നടത്തേണ്ടതാണ്. | • **DGE**<br>Comprehensive Quality Education, 2202-02-109-71(p)<br>20 ലക്ഷം |

| | | | | | | |
|---|---|---|---|---|---|---|
| 2.9 | അദ്ധ്യാപക വിദ്യാർത്ഥികളുടെ ഇന്റേൺഷിപ്പിന് വ്യവസ്ഥകൾ, മാർഗ്ഗരേഖ പുറത്തിറക്കുക | • അക്കാദമിക വികസിപ്പിക്കൽ മാർഗ്ഗരേഖ | SCERT | മാർച്ച് 2025 | • അധ്യാപക വിദ്യാർത്ഥികളുടെ ഇന്റേൺഷിപ്പുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ അടങ്ങിയ മാർഗ്ഗരേഖ എസ്.സി.ഇ.ആർ.ടി തയ്യാറാക്കേണ്ടതാണ്. | |
| | | • മോണിറ്ററിംഗ് ശക്തിപ്പടുത്തൽ സംവിധാനം | DGE | ജൂൺ 2025 മുതൽ. | • മാർഗ്ഗരേഖ പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ എന്ന് വിദ്യാഭ്യാസ ഓഫീസർമാർ മോണിറ്ററിംഗിൽ ഉറപ്പ് വരുത്തേണ്ടതാണ്. | |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| 2.10 | പ്രീ സ്കൂൾ വിദ്യാഭ്യാസം ഏകീകൃതമാക്കുന്നതിനുള്ള നടപടികൾ | • പ്രീ സ്കൂൾ മേഖലയിൽ നിലവിലുള്ള അശാസ്ത്രീയ പ്രവണതകൾ ഒഴിവാക്കലും, വിവിധ വകുപ്പുകളുടെ ഏകോപനവും. | DGE, SCERT, SSK | 2025 -26 | • പ്രീ-സ്കൂൾ ആരംഭിക്കുന്നതിനുള്ള അനുമതി, മാനദണ്ഡങ്ങൾ ഉൾപ്പെടെയുള്ള പ്രൊപ്പോസലിൽ സർക്കാർ നടപടി സ്വീകരിച്ചു വരുന്നു.<br>• പാഠ്യപദ്ധതി എസ്.സി ഇ ആർ ടി തയ്യാറാക്കിട്ടുള്ളതും പാഠപുസ്തകങ്ങൾ പൂർത്തീകരിച്ചു വരികയുമാണ്.<br>• പ്രീസ്കൂൾ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനുള്ള പൊതുവായ മേൽനോട്ടം | • DGE<br>Systematization of Pre-primary Education 109-70(P)<br>1.5 കോടി.<br>• SSK<br>SSK – Support at pre-school<br>1 കോടി രൂപ<br>STARS – SIG 1<br>1 കോടി രൂപ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | • പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർവ്വഹിക്കേണ്ടതാണ്. | |
| 2.11 | എൻട്രൻസ് പരീക്ഷയിൽ ഹയർസെക്കന്ററി വിഭാഗം കുട്ടികൾക്ക് വിജയം ഉറപ്പിക്കുന്നത് | എൻട്രൻസ് പോലുള്ള പൊതുപരീക്ഷയിൽ ഹയർസെക്കന്ററി , വൊക്കേഷണൽ ഹയർ സെക്കന്ററി കുട്ടികളുടെ വിജയശതമാനം വർദ്ധിപ്പിക്കൽ | DGE, KITE | 2025 -26 | • എൻട്രൻസ് പരീക്ഷയിൽ കേരളത്തിലെ കുട്ടികൾക്ക് പരിശീലനം നൽകുന്നതിന് ഹയർസെക്കന്ററി വിഭാഗവും കൈറ്റും ചേർന്ന് വിക്ടേഴ്സ് ചാനലിൽ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്<br>• സൗജന്യമായി നൽകുന്ന ഈ പരിശീലനം ആവശ്യമായ കുട്ടികൾക്ക് ലഭ്യമാക്കുന്നുണ്ടോയെന്ന് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതാണ് | |

**III. മൂല്യനിർണ്ണയ രീതിശാസ്ത്രം കാര്യക്ഷമമാക്കുക/പരിഷ്കരിക്കുക.**

| ക്രമ നം. | ലക്ഷ്യങ്ങൾ | നിർദ്ദിഷ്ട പ്രവർത്തനങ്ങൾ | സംസ്ഥാന ചുമതല | സമയക്രമം | പ്രവർത്തനരീതി | പ്രതീക്ഷിത ബഡ്ജറ്റും ശീർഷകവും |
|---|---|---|---|---|---|---|
| 3.1 | മൂല്യനിർണ്ണയ പരിഷ്കരണ പ്രവർത്തനങ്ങൾ/ നൂതന രീതികൾ വികസിപ്പിക്കൽ | • ഓപ്പൺ ബുക്ക് പരീക്ഷ, ഓൺലൈൻ പരീക്ഷ competency based exam തുടങ്ങി നൂതനമായ പരീക്ഷാ രീതികളുടെ മാർഗ്ഗ രേഖ വികസിപ്പിക്കൽ | SCERT | 2025 -26 | • ചോദ്യപേപ്പറുകൾ തയ്യാറാക്കുമ്പോൾ പ്രവർത്തനാധിഷ്ഠിത പരീക്ഷയോടൊപ്പം competency based multiple choice ചോദ്യങ്ങൾകൂടി ഉൾപ്പെടുത്തേണ്ടതാണ്. | • **SCERT** 2202-80-004-91-00-36-00-p-v<br>1 കോടി |
| | | • Automated question bank തയ്യാറാക്കൽ | DGE , SCERT | ഒക്ടോബർ 2025 | • Automated question bank തയ്യാറാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കേണ്ടതും അനിവാര്യമായതിനാൽ അടുത്ത അധ്യയന വർഷ പരീക്ഷകൾ ഇത്തരത്തിൽ നടത്താൻ കഴിയുമോയെന്ന് പരിശോധിക്കേണ്ടതാണ്. | |
| | | 3.സഹിതം പോർട്ടലിനെ അടിസ്ഥാനപ്പെടുത്തി നിരന്തര മൂല്യനിർണ്ണയത്തിനായുള്ള ഓൺലൈൻ പ്ലാറ്റ്ഫോം വികസിപ്പിക്കൽ. | KITE<br>DGE<br>DDE<br>HM | ജൂൺ 2025 | • നിരന്തര മൂല്യനിർണ്ണയം സുതാര്യമാക്കുന്നതിനും കാര്യക്ഷമമമാക്കുന്നതിനും കൈറ്റ് വികസിപ്പിച്ച ഓൺലൈൻ പോർട്ടലിൽ സ്കൂളുകൾ | |

| | | | | | | |
|---|---|---|---|---|---|---|
| | | 5. അക്കാദമിക മോണിറ്ററിംഗിൽ നിരന്തര മൂല്യ നിർണ്ണയ പരിശോധന | DGE | 2025 - 26 | കൃത്യമായി ഡേറ്റാ അപ്‌ലോഡ് ചെയ്യേണ്ടതാണ്.<br>• വിദ്യാഭ്യാസ ഓഫീസർമാരുടെ അക്കാദമിക പരിശോധനയിൽ നിരന്തര മൂല്യ നിർണ്ണയ പ്രക്രിയ വിലയിരുത്തേണ്ടതാണ്.<br>• സംസ്ഥാന തലത്തിൽ ഓരോ ജില്ലകളുടെയും പ്രവർത്തനം വിലയിരുത്തേണ്ടതാണ്. | • **DGE**<br>Academic monitoring 2202-02-001–78(p)<br>75 ലക്ഷം |
| 3.2 | 2024-25 അക്കാദമിക വർഷം എട്ടാം ക്ലാസിലും 2025-26 അക്കാദമിക വർഷം 8, 9 ക്ലാസ്സുകളിലും, 2026-27 അക്കാദമിക വർഷം 8, 9, 10 ക്ലാസുകളിലും പൊതു പരീക്ഷയിൽ സബ്ജക്ട് മിനിമം നടപ്പാക്കുന്നതിന്. | മിനിമം മാർക്ക് നടപ്പിലാക്കൽ<br>• മിനിമം മാർക്ക് നേടാത്ത കുട്ടികൾക്കുള്ള പഠന സാമഗ്രി തയ്യാറാക്കൽ<br>• പരിഹാര ബോധനം | SCERT<br><br>DGE, DDE, SSK, DIET | ഏപ്രിൽ 2025<br><br>മെയ് - ജൂൺ 2025 | • 2025 മാർച്ച് മാസത്തിലെ വർഷാന്ത്യപരീക്ഷയിലെ പ്രകടനത്തെ വിലയിരുത്തി തുടർ പിന്തുണയ്ക്കായി മാർഗ നിർദേശങ്ങൾ എസ് സി ഇ ആർ ടി പുറപ്പെടുവിച്ചിട്ടുണ്ട്.<br>• അധ്യാപകർ , എസ് എസ് കെ പ്രവർത്തകരുടെ നേതൃത്വത്തിൽ മിനിമം മാർക്ക് കൈവരിക്കാത്ത കുട്ടികൾക്ക് പിന്തുണ നൽകേണ്ടതാണ്.<br>• ഇത്തരം പിന്തുണ ഉറപ്പാക്കിയതിനുശേഷം കുട്ടികളെ ഒരിക്കൽകൂടി വിലയിരുത്തേണ്ടതാണ്.<br>• ഇനിയും അക്കാദമിക ശ്രദ്ധ വേണ്ട കുട്ടികൾക്ക് സ്കൂൾ തലത്തിൽ പ്രത്യേക പദ്ധതി തയ്യാറാക്കി സഹായം | SSK - LEP<br>2 കോടി രൂപ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | നൽകേണ്ടതാണ് | |
| 3.3 | നിരന്തര വിലയിരുത്തലിനുള്ള സങ്കേത ങ്ങളും പിന്തുണയും കാര്യക്ഷമമാക്കുക. | 1. നിരന്തര മൂല്യനിർണ്ണയ പ്രക്രിയയുടെ മാർഗ്ഗ രേഖ വികസിപ്പിക്കൽ. | SCERT | ജൂൺ 2025 | • നിരന്തര മൂല്യനിർണ്ണയ പ്രക്രിയയിലൂടെ മാർഗരേഖ എസ് സി ഇ ആർ ടി വികസിപ്പിക്കേണ്ടതാണ്. | |
| | | 2. പരീക്ഷാ രീതിയിലെ വൈവിധ്യങ്ങൾ നടപ്പിലാക്കൽ. | SCERT | ജൂൺ 2025 | • മൂല്യ നിർണ്ണയ പ്രക്രിയയിൽ വിവിധ പരീക്ഷാ രിതികളുടെ സാധ്യതകൾ പരിശോധിക്കേണ്ടതാണ്.<br>• ഉദാ: a) Periodic test<br>b)Oral test<br>c) viva voce<br>d) online test<br>e) open book exam<br>f) Practical test in Science subjects | |
| | | 3. നിരന്തര മൂല്യനിർണ്ണയ പ്രക്രിയ സംബന്ധിച്ച് അധ്യാപകർക്കുള്ള ക്ലസ്റ്റർ പരിശീലനങ്ങൾ. | DGE, SCERT, SSK | അധ്യാപക പരിശീലനം 2025 - 26 | • പഠനപ്രക്രിയയ്ക്ക് അനുസൃതമായി പഠനപുരോഗതി അടയാളപ്പെടുത്താൻ സഹായകരമായ സാധ്യതകൾ അധ്യാപക പരിശീലനങ്ങളിൽ ഉൾപ്പെടുത്തേണ്ടതാണ്<br>• ചോദ്യപേപ്പറുകളുടെ ഗുണത പുതിയ പാഠ്യ പദ്ധതി സമീപനത്തിന് അനുയോജ്യമായ രീതിയിൽ മാത്രം തയ്യാറാക്കേണ്ടതാണ്. | STARS – SIG 5 കോടി രൂപ |

| | | | | | | |
|---|---|---|---|---|---|---|
| 3.4 | കുട്ടികളുടെ പഠന പുരോഗതി രേഖ (Holistic Progress Card) HPC വികസിപ്പിക്കുക<br>പോർട്ടൽ വികസിപ്പിക്കുക | 1.HPC വികസിപ്പിക്കൽ<br><br>2.പോർട്ടൽ വികസിപ്പിക്കൽ<br><br>3. അധ്യാപക പരിശീലനം<br><br>4. ക്ലാസ് പി.ടി.എയിൽ അവതരണം | SCERT, SSK<br><br>KITE<br><br>DGE , SSK, SCERT<br><br>HM | ജൂലൈ 2025<br><br>ആഗസ്റ്റ് 2025<br><br>2025 - 26<br><br>2025 - 26 | • കുട്ടികളുടെ സമഗ്ര പുരോഗതി രേഖ വികസിപ്പിക്കുന്നതിന് എസ് സി ഇ ആർ ടി നടപടികൾ സ്വീകരിക്കേണ്ടതും അടുത്ത അധ്യയനവർഷാരംഭത്തിൽ പൂർത്തീകരിക്കേണ്ടതുമാണ്.<br>• HPC ഓൺലൈനായി വികസിപ്പിക്കുന്നതിനുള്ള പ്ലാറ്റ്ഫോം കൈറ്റ് ഒരുക്കേണ്ടതാണ്<br>• അവധിക്കാല അധ്യാപക പരിശീലനത്തിൽ ഇത് സംബന്ധിച്ച് പരിശീലനം അധ്യാപകർക്ക് നൽകേണ്ടതാണ്.<br>• HPC സംബന്ധിച്ച് ക്ലാസ് പി ടി എയിൽ രക്ഷകർത്താക്കൾക്ക് അറിവ് നൽകേണ്ടതും ജനകീയ പദ്ധതിയുടെ ഭാഗമായി മാറ്റേണ്ടതുമാണ്. | • **SCERT**<br>2202-80-004-91-00-36-00-p-v<br>20 ലക്ഷം<br>• **SSK**<br>SSK – HPC<br>33 ലക്ഷം രൂപ<br><br>• **SSK**<br>SSK – Teacher Training<br>1 കോടി രൂപ<br><br>STARS<br>1 കോടി രൂപ |
| 3.5 | ചോദ്യപേപ്പറുകളുടെ പരിഷ്കരണം. | കാര്യക്ഷമമായ മൂല്യ നിർണ്ണയം നടത്തുന്നതിനായി ചോദ്യപേപ്പർ പരിഷ്കരിക്കൽ | SCERT | 2025 - 26 | • ചോദ്യപേപ്പർ പരിഷ്കരിക്കുന്നതിനുള്ള മാർഗ രേഖ എസ്.സി.ഇ.ആർ.ടി വികസിപ്പിക്കേണ്ടതും വിവിധ തരത്തിലുള്ള പരീക്ഷാ രീതികൾ നടപ്പിലാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കേണ്ടതുമാണ് | • **SCERT**<br>2202-80-004-91-00-36-00-p-v<br>30 ലക്ഷം |

| | | | | | | |
|---|---|---|---|---|---|---|
| 3.6 | ചോദ്യപേപ്പർ നിർമ്മാണത്തിൽ എല്ലാ അധ്യാപകർക്കും പരിശീലനം നൽകുക. | ചോദ്യപേപ്പർ നിർമ്മാണത്തിൽ എല്ലാ അധ്യാപകർക്കും ക്ലസ്റ്റർതല പരിശീലനം നൽകൽ | SSK<br>SCERT | 2025 - 26 | • 2025-26 അധ്യാപക പരിശീലനത്തിൽ ചോദ്യപേപ്പർ നിർമ്മാണത്തിന്റെ വിവിധ തലങ്ങളിൽ അധ്യാപകരെ പരിചയപ്പെടുത്തേണ്ടതും വൈദഗ്ധ്യം ലഭിക്കുന്ന തരത്തിൽ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തേണ്ടതുമാണ്. | STARS – SIG – 2, SIG – 3<br>3 കോടി രൂപ |
| 3.7 | ഓൺലൈൻ ചോദ്യപേപ്പർ ബാങ്ക് നിർമ്മിക്കുക | പരീക്ഷാ നടത്തിപ്പിന്റെ വിവിധ രീതികൾ വികസിപ്പിക്കൽ | DGE<br>SSK<br>SCERT<br>KITE | ഒക്ടോബർ 2025 | • 5, 7, 9 ക്ലാസ്സുകളിലെ പുതുക്കിയ പാഠപുസ്തകങ്ങൾ ഉൾപ്പെടുത്തി സമഗ്ര+ പോർട്ടലിൽ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും പൊതു ജനങ്ങൾക്കും ചോദ്യബാങ്കും ഉത്തര സൂചികയും ലഭ്യമാക്കിയിട്ടുണ്ട്. രക്ഷകർത്താക്കൾക്ക് ഇതിനെ സംബന്ധിച്ച വ്യക്തമായ ധാരണ നൽകേണ്ടതാണ്.<br>• വിവിധ തലത്തിലുള്ള (Easy, Average, Difficult) വിവിധ തരം (Objective Type, Short Answer Type, Long Answer Type etc) ചോദ്യങ്ങൾ അവയുടെ മേഖലകൾ (Knowledge, Understanding, Application) കൂടി ലഭ്യമായിട്ടുള്ളത് സ്കൂളുകളുടേയും രക്ഷകർത്താക്കളുടേയും ശ്രദ്ധയിൽ | • <u>SSK</u><br>SSK – STARS SIG - 3 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | കൊണ്ടുവരേണ്ടതാണ് | |
| 3.8 | **സ്ഥാപനങ്ങളെ ഗ്രേഡ് ചെയ്യൽ**<br><br>NIRF റാങ്കിംഗിൽ യൂണിവേഴ്സിറ്റികളെ ഗ്രേഡ് ചെയ്യുന്നതു പോലെ പൊതു വിദ്യാഭ്യാസ മേഖലയിലെ റേറ്റിംഗ് | • ആർ.ടി.ഇ ആക്ട് സെക്ഷൻ 20 പ്രകാരം കുട്ടികളുടെ പഠന നേട്ടം, ഭൗതിക സൗകര്യം, അധ്യാപക പരിശീലനം, മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ, പഠന അനുബന്ധ പ്രവർത്തനങ്ങൾ എന്നിങ്ങനെ 5 മേഖലകളെ അടിസ്ഥാനമാക്കി സ്കൂളുകളെ ഗ്രേഡ് ചെയ്യൽ.<br>• അക്കാദമിക നിലവാരം വിലയിരുത്തുന്നതിനായി മേഖലാ തലത്തിൽ അക്കാദമിക ഓഡിറ്റുകൾ/ അക്കാദമിക അദാലത്തുകൾ സംഘടിപ്പിക്കാവുന്നതാണ്. | DGE, SCERT<br><br>DGE, SCERT, KITE, SSK | ഒക്ടോബർ - നവംബർ 2025<br><br>2025 - 26 | • RTE ആക്ട് - 2009 പ്രകാരം അഞ്ച് മേഖലകളെ ഉൾപ്പെടുത്തി ഗ്രേഡ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്<br>• അക്കാദമിക നിലവാരം അളക്കുന്നതിനും കുട്ടികൾ നേടിയ ശേഷികൾ അക്കാദമിക പ്രവർത്തനം സംബന്ധിച്ച പരാതികൾ എന്നിവ വകുപ്പിനെ അറിയിക്കുന്നതിനായി അദാലത്തുകൾ. | • <u>SCERT</u> 2202-80-004-91-00-36-00-p-v<br><br>12 ലക്ഷം |

## IV.സാങ്കേതിക വിദ്യാസൗഹൃദ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക

| ക്രമ നം. | ലക്ഷ്യങ്ങൾ | നിർദ്ദിഷ്ട പ്രവർത്തനങ്ങൾ | സംസ്ഥാന ചുമതല | സമയക്രമം | പ്രവർത്തന രീതി | പ്രതീക്ഷിത ബഡ്ജറ്റും ശീർഷകവും |
|---|---|---|---|---|---|---|
| 4.1 | എല്ലാ പാഠഭാഗങ്ങളുടെയും e-content വികസിപ്പിച്ച് കുട്ടികൾക്ക് പഠിക്കാൻ കഴിയുന്ന തലത്തിലുള്ള പോർട്ടൽ വികസിപ്പിക്കുക | 1.നിലവിലുള്ള സമഗ്ര പോർട്ടൽ നവീകരിക്കൽ.<br>2.പുതിയപാഠപുസ്തകങ്ങളുടെ e-content വികസിപ്പിക്കൽ<br>3. പ്രവർത്തന പുസ്തകങ്ങളുടെ e-content വികസിപ്പിക്കൽ | SCERT KITE SIET<br>SCERT KITE SIET<br>" | ഏപ്രിൽ 2025<br>ജൂൺ - ഒക്ടോബർ<br>ജൂൺ - ഒക്ടോബർ | • സ്കീം ഓഫ് വർക്കിന് അനുസൃതമായി പാഠഭാഗങ്ങളുടെ e-content സമഗ്ര+ൽ അപ്ലോഡ് ചെയ്യേണ്ടതും കുട്ടികൾക്ക് അത് പ്രയോജനപ്പെടുന്നുവെന്ന് മോണിറ്ററിംഗിൽ വിദ്യാഭ്യാസ ഓഫീസർമാരും ശ്രദ്ധിക്കേണ്ടതാണ്<br>• അടുത്ത അധ്യയന വർഷത്തിൽ പരിഷ്കരിച്ച മുഴുവൻ പാഠപാസ്തകങ്ങളുടേയും കണ്ടന്റ് സമഗ്ര+ പോർട്ടലിൽ അപ് ലോഡ് ചെയ്യേണ്ടതാണ്. | • SCERT<br>2202-80-004-91-00-36-00-p-v<br>1 കോടി |
| 4.2 | സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള പഠനം ക്ലാസ് മുറികളിൽ എത്രത്തോളം ഉപയോഗപ്പെടുത്തുന്നുണ്ടെന്നുള്ള പഠനം | അക്കാദമിക ഓഡിറ്റ് നടത്തുന്നതിനായി പ്ലാനിംഗ് ബോർഡുമായി നടപടി സ്വീകരിക്കൽ | DGE, Planning Board | 2025- 26 | • സാങ്കേതിക വിദ്യാ ഓഡിറ്റ് നടത്തുന്നതിനും ഫലപ്രാപ്തി വിശകലനം ചെയ്യുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതും അടുത്ത അക്കാദമിക വർഷം പൂർത്തീകരിക്കേണ്ടതുമാണ്. | |
| | നിരന്തര മൂല്യ | • സഹിതം പോർട്ടലിൽ | | 2025- 26 | • നിരന്തര മൂല്യ നിർണ്ണയത്തിലെ അപാകതകൾ ഗൗരവമായി | |

| | | | | | | |
|---|---|---|---|---|---|---|
| 4.3 | നിർണ്ണയം കാര്യക്ഷമമാക്കുന്നതിന് സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുക | നിരന്തര വിലയിരുത്തൽ ഭാഗമാക്കൽ<br>• നിരന്തര മൂല്യനിർണ്ണയം സാങ്കേതിക വിദ്യയിലൂടെ നടത്തുന്നതിന് അധ്യാപക പരിശീലനം നൽകൽ. | DGE, SCERT, SSK, KITE | | കണക്കിലെടുത്ത് കാര്യക്ഷമമാക്കുന്നതിന് ഓൺലൈൻ സംവിധാനം ഉപയോഗപ്പെടുത്തേണ്ടതാണ്. ഇത് സംബന്ധിച്ച പരിശീലനം അധ്യാപകർക്ക് നൽകേണ്ടതുമാണ്.<br>• കുട്ടിയുടെ അക്കാദമിക നിലവാരത്തിന് അനുസൃതമായി മാത്രം നിരന്തരമൂല്യ നിർണ്ണയം നടപ്പിലാക്കേണ്ടതും സുതാര്യമാണെന്ന് വിദ്യാഭ്യാസ ഓഫീസർമാരുടെ മോണിറ്ററിംഗിൽ ഉറപ്പുവരുത്തേണ്ടതുമാണ്. | |
| 4.4 | ക്ലാസ് മുറികളിലെ പഠന പ്രവർത്തനങ്ങൾക്ക് സാങ്കേതിക വിദ്യയുടെ ഉപയോഗം ആഡിറ്റ് ചെയ്യുക | അക്കാദമിക പ്രവർത്തനത്തിന് അനുബന്ധമായി സാങ്കേതികവിദ്യ ഉപയോഗം സംബന്ധിച്ച ഓഡിറ്റ് നടപ്പിലാക്കൽ | DGE KITE | 2025 – 26 അക്കാദമിക വർഷം | • സാങ്കേതിക വിദ്യ ഉപയോഗം സംബന്ധിച്ച ഓഡിറ്റ് നടത്തുന്നതിനു വിദ്യാഭ്യാസ ഓഫീസർമാർ കുട്ടികൾ ആർജിച്ച ശേഷികളുടെയും കഴിവുകളുടെയും പുരോഗതി വിലയിരുത്തുന്നതിനു പി.ടി.എ യുടെ സഹായത്തോടെ അക്കാദമികതല സ്കൂൾ ഓഡിറ്റ് നടത്താവുന്നതാണ്. | |

## V.ഭരണപരമായ പ്രവർത്തനങ്ങൾ

| ക്രമ നം. | ലക്ഷ്യങ്ങൾ | നിർദ്ദിഷ്ട പ്രവർത്തനങ്ങൾ | ചുമതല | സമയക്രമം | പ്രവർത്തനരീതി | പ്രതീക്ഷിത ബഡ്ജറ്റും ശീർഷകവും |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 5.1 | വിദ്യാഭ്യാസ ഓഫീസർമാർക്കുള്ള പരിശീലന പ്രവർത്തനങ്ങൾ | 1. പരിശീലന മൊഡ്യൂൾ നിർമാണം<br>2.വിദ്യാഭ്യാസ ഓഫീസർമാർക്കുള്ള പരിശീലനം | DGE, SIEMAT | ജൂൺ - സെപ്റ്റംബർ 2025 | • അക്കാദമിക പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ് ശക്തിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ ഓഫീസർമാർക്ക് ബന്ധപ്പെട്ട ഏജൻസികൾ പരിശീലനം നൽകേണ്ടതാണ്..<br>• ടീം മോണിറ്ററിംഗ്, ആകസ്മിക സന്ദർശനം, സ്കൂൾ ഇൻസ്പെക്ഷൻ എന്നിവ സംബന്ധിച്ച കൃത്യമായ ധാരണ പരിശീലനത്തിൽ നൽകേണ്ടതാണ്. | • DGE<br>Capacity Building 220202-00-178(p)<br>25 ലക്ഷം |
| 5.2 | അക്കാദമിക പ്രവർത്തനങ്ങളുടെ മോണിറ്ററിംങ് ശക്തിപ്പെടുത്തുക വിവിധ തലങ്ങളിൽ കമ്മിറ്റികൾ രൂപീകരിക്കുക. സമഗ്രമായ DASH BOARD സംവിധാനത്തിലൂടെ വിശകലനം ചെയ്യുന്നു. | 1. ഉപജില്ല, വിദ്യാഭ്യാസ ജില്ല, ജില്ല,സംസ്ഥാന തലങ്ങളിൽ മോണിറ്ററിംഗ് കമ്മിറ്റികൾ ശക്തിപ്പെടുത്തൽ<br>2. ഓരോ കമ്മിറ്റിയുടെയും കൺവീനർമാരായി വിദ്യാഭ്യാസ ഓഫീസർമാർ പ്രവർത്തിക്കുക. | DGE<br>SCERT<br>SSK<br>KITE | ഓരോ മാസവും | • അക്കാദമിക പ്രവർത്തനങ്ങളുടെ മോണിറ്ററിംങ് ശക്തിപ്പെടുത്തുന്നതിന് വിവിധ തലങ്ങളിൽ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.<br>• സംസ്ഥാന തല മോണിറ്ററിംഗ് ടീമിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ | • DGE<br>Academic monitoring 2202-02-001–78(p)<br>55 ലക്ഷം. |

| | | | | | | |
|---|---|---|---|---|---|---|
| | | 3. സംസ്ഥാനതല കമ്മിറ്റി | | | ഉദ്യോഗസ്ഥർ എസ്.സി.ഇ.ആർ.ടി, സമഗ്ര ശിക്ഷാ കേരളം എന്നീ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ എന്നിവർ അംഗങ്ങളായിരിക്കും.<br>• ജില്ലാതല വിദ്യാഭ്യാസ ജില്ലാതല മോണിറ്ററിംഗിന് ചുമതല ഡി.ഡി.ഇ/ ഡയറ്റ് പ്രിൻസിപ്പാൾ/ ഡി.പി.സി/ കൈറ്റ് കോഓർഡിനേറ്റർ<br>• വിദ്യാഭ്യാസ ജില്ലാ തലത്തിൽ ഡി.ഇ.ഒ/ബന്ധപ്പെട്ട ഡയറ്റ് ഫാക്കൽറ്റി/ ഡി.പി.ഒ<br>• ഉപജില്ലാതലത്തിൽ എ.ഇ.ഒ/ഡയറ്റ് ഫാക്കൽറ്റി/ ബി.പി.സി/ കൈറ്റ് അക്കാദമിക മോണിറ്ററിംഗിനായുള്ള നിർദേശങ്ങൾ നൽകിയിട്ടുണ്ട്.<br>• അക്കാദമിക മോണിറ്ററിംഗ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സമഗ്ര+ൽ ലോഗിൻ | |

| | | | | | | |
|---|---|---|---|---|---|---|
| | | | | | നൽകിയിട്ടുള്ളതും സംസ്ഥാനതലത്തിൽ ഇത് മോണിറ്റർ ചെയ്യേണ്ടതുമാണ്. | |
| 5.3 | വിവിധ വിദ്യാഭ്യാസ ഏജൻസികൾ തമ്മിൽ സംസ്ഥാന തലത്തിലുള്ള കോഡിനേഷൻ | • പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള വിവിധ ഏജൻസികളുടെ കൺവർജൻസ് യോഗം ഓരോ മാസവും ചേരൽ. | Principal Secretary | ഓരോ മാസവും | • കൺവർജൻസ് യോഗങ്ങൾ സർക്കാർ തലത്തിൽ നിശ്ചിത ഇടവേളകളിൽ ചേരുന്നുണ്ട്.<br>• ഡി.ഡി.ഇ., ഡി.ഇ.ഒ തല സംയുക്ത യോഗങ്ങൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ വിളിച്ചു ചേർത്തിട്ടുണ്ട്. സംസ്ഥാന തല യോഗങ്ങളിൽ ഓരോ ഏജൻസിയേയും ഏൽപ്പിച്ചിട്ടുള്ള ചുമതകൾ നിർവ്വഹിച്ചത് സംബന്ധിച്ച റിപ്പോർട്ട് സർക്കാരിലേക്ക് സമർപ്പിക്കേണ്ടതാണ്. | |
| 5.4 | വിദ്യാഭ്യാസ ഓഫീസർമാരുടെ വിദ്യാലയസന്ദർശനം/ | കുട്ടികളുടെ സാമൂഹിക അക്കാദമിക പശ്ചാത്തലം മനസിലാക്കുന്നതിനായി സ്കൂളുമായി ചേർന്നുള്ള | DGE, DDE, DEO, | ഓരോ മാസവും | • മോണിറ്ററിംഗ് റിപ്പോർട്ട് ഹെഡ്മാസ്റ്റർമാർ | • **DGE**<br>Academic monitoring |

| | | | | | | |
|---|---|---|---|---|---|---|
| | റിപ്പോർട്ട് | വിദ്യാലയ സന്ദർശനം. | AEO<br>DIET,SSK | | എ.ഇ.ഒ./ഡി.ഇ.ഒ. മാർക്കും, എ.ഇ.ഒ./ഡി.ഇ.ഒ റിപ്പോർട്ട് ഡി.ഡി.ഇ.യ്ക്കും ഡി.ഡി.ഇ റിപ്പോർട്ടുകൾ ക്രോഡീകരിച്ച് സമഗ്ര+ൽ അപ് ലോഡ് ചെയ്യേണ്ടതും പൊതുവിദ്യാഭ്യാസ ഡയറക്ടർ അത് അവലോകനം ചെയ്യേണ്ടതുമാണ്. | 2202-02-001—78(p)<br>50 ലക്ഷം. |
| 5.5 | മോണിറ്ററിംഗ് സംവിധാനം ഡിജിറ്റലൈസ് ചെയ്യുക. | 1. അക്കാദമിക മോണിറ്ററിംഗ് ഫോർമാറ്റ് തയ്യാറാക്കൽ<br>2. പ്രത്യേക പോർട്ടൽ വികസിപ്പിക്കൽ<br>3. അക്കാദമിക മോണിറ്ററിംഗ് സംബന്ധിച്ച് വിദ്യാഭ്യാസ ഓഫീർമാരക്കുള്ള പരിശീലനം. | DGE, KITE | 2025– 26 | • അക്കാദമിക മോണിറ്ററിംഗിനായി പോർട്ടൽ വികസിപ്പിച്ചിട്ടുള്ളതും വിദ്യാഭ്യാസ ഓഫീസർമാർ ഡേറ്റാ അപ് ലോഡ് ചെയ്യേണ്ടതുമാണ്.<br>• നിലവിലുള്ള സാങ്കേതിക സംവിധാനങ്ങളെ സംബന്ധിച്ച ധാരണ വിദ്യാഭ്യാസ ഓഫീസർമാർക്ക് | |

| | | | | | | |
|---|---|---|---|---|---|---|
| | | | | | നൽകേണ്ടതാണ്. | |

## VI. ഗവേഷണ പ്രവർത്തനങ്ങൾ

| ക്രമ നം. | ലക്ഷ്യങ്ങൾ | നിർദ്ദിഷ്ട പ്രവർത്തനങ്ങൾ | സംസ്ഥാന ചുമതല | സമയക്രമം | പുരോഗതി | പ്രതീക്ഷിത ബഡ്ജറ്റും ശീർഷകവും |
|---|---|---|---|---|---|---|
| 6.1 | പുതിയ കരിക്കുലം/പാഠപുസ്തകങ്ങൾ പരിശീലനം കാര്യക്ഷമതാ പഠനം | • പുതിയ പാഠപുസ്തകങ്ങളെ കുറിച്ചുള്ള പഠനങ്ങൾ | DGE , SCERT | മെയ് 2025 | • പുതിയ പാഠപുസ്തകങ്ങളുടെ കാര്യക്ഷമതാ പഠനം മെയ് 2025ന് പൂർത്തീകരിക്കേണ്ടതാണ്. | • SCERT 2202-80-004-91-00-36-00-p-v<br>10 ലക്ഷം |
| 6.2 | മൂല്യനിർണ്ണയ മേഖലയിലെ ഗവേഷണ പ്രവർത്തനങ്ങൾ | • മൂല്യ നിർണ്ണയ സങ്കേതങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള പഠനങ്ങൾ.<br>• വിവിധ പരീക്ഷാ ബോർഡുകളുടെ ചോദ്യപേപ്പർ വിശകലനം. | SCERT | ഏപ്രിൽ 2025 | • മൂല്യനിർണ്ണയ മേഖലയിലെ ഗവേഷണ പ്രവർത്തനങ്ങളെ സംബന്ധിച്ച പഠന റിപ്പോർട്ട് സർക്കാരിലേക്ക് നൽകിയതിനെ തുടർന്നുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | |
| 6.3 | അക്കാദമിക കാര്യങ്ങളിൽ പ്രാദേശിക ആവശ്യങ്ങൾ തിരിച്ചറിയാനുള്ള പഠനങ്ങൾ | പ്രാദേശിക ആവശ്യങ്ങൾ മനസ്സിലാക്കുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതിനുമായി ആക്ഷൻ റിസർച്ച്. | SCERT DIET,SSK | 2025-26 | • പ്രാദേശികമായ വിദ്യാഭ്യാസ പ്രശ്നങ്ങൾക്കുള്ള പരിഹാരമായി ആക്ഷൻ | |

| | | | | | | |
|---|---|---|---|---|---|---|
| | | | | | റിസർച്ചുകൾ ജില്ലാതലത്തിൽ നടത്തേണ്ടതും ആയതിന്റെ ക്രോഡീകരണം എസ്. സി.ഇ.ആർ.ടി നടത്തി റിപ്പോർട്ട് സർക്കാറിന് സമർപ്പിക്കേണ്ടതുമാണ് . | |

## VII. പരിശീലന പ്രവർത്തനങ്ങൾ / ക്ലസ്റ്ററുകൾ

| ക്രമ നം | ലക്ഷ്യങ്ങൾ | നിർദ്ദിഷ്ട പ്രവർത്തനങ്ങൾ | ചുമതല | സമയ ക്രമം | പ്രവർത്തന രീതി | പ്രതീക്ഷിത ബഡ്ജറ്റും ശീർഷകവും |
|---|---|---|---|---|---|---|
| 7.1 | ക്ലസ്റ്റർ പരിശീലനങ്ങൾ<br>അവധിക്കാല അദ്ധ്യാപക പരിശീലനം | 1. മൊഡ്യൂൾ നിർമ്മാണം<br>2. സംഘാടനം | DGE, SSK SCERT KITE | 2025-26 | • നിലവിലുള്ള ക്ലാസ് റൂം അവസ്ഥകളെ ഗുണമേന്മ വിദ്യാഭ്യാസത്തിന് ഊന്നൽ നൽകി അധ്യാപകർക്ക് ക്യാമ്പയിന്റെ ലക്ഷ്യങ്ങൾ വിശദീകരിക്കുന്ന തരത്തിൽ പരിശീലന മൊഡ്യൂളുകൾ തയ്യാറാക്കേണ്ടതാണ്.<br>• പരിഷ്കരിച്ച പാഠപുസ്തകങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള പഠന ലക്ഷ്യങ്ങൾ കൈവരിക്കുന്ന രീതിയിൽ പരിശീലനം ചിട്ടപ്പെടുത്തണം | • SCERT 2202-80-004-91-00-36-00-p-v 40 ലക്ഷം<br>• SSK STARS SIG - 3 25 കോടി രൂപ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | • മൂല്യനിർണ്ണയ പ്രക്രിയ കാര്യക്ഷമമാക്കുന്നതിനും സാങ്കേതിക സങ്കേതങ്ങൾ കൃത്യമായി ഉപയോഗിക്കുന്ന രീതിയിലും മൊഡ്യൂളുകൾ രൂപപ്പെടുത്തണം. കുട്ടികളുടെ മാനസിക വൈകാരിക ആരോഗ്യം നിലനിൽക്കുന്നതിനാവശ്യമായ ഘടകങ്ങൾ പരിശീലന മൊഡ്യൂളിൽ ഉൾപ്പെടുത്തേണ്ടതാണ്. | |
| 7.2 | പ്രീ പ്രൈമറി അധ്യാപകരുടെ പരിശീലനം | പ്രീസ്കൂൾ മേഖലയിലെ ശാക്തീകരണ പരിപാടി നടപ്പിലാക്കൽ | DGE<br>SSK<br>SCERT | 2025 - 26 | • പൊതുവിദ്യാലയങ്ങളിലെ പ്രീ സ്കൂൾ പ്രവർത്തനങ്ങൾ , ഭരണ നിർവ്വഹണ പിന്തുണാ സംവിധാനങ്ങൾ എന്നിവയ്ക്ക് ദിശാ നിർണ്ണയം നടത്തി ശരിയായ പിന്തുണ നൽകി ഗുണമേന്മയുള്ള പ്രീസ്കൂൾ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് പരിശീലന പരിപാടികൾ നടപ്പിലാക്കേണ്ടതാണ്.<br>• പ്രീസ്കൂൾ സമീപനം , വിനിമയ തന്ത്രങ്ങൾ എന്നിവയെക്കുറിച്ച് കൃത്യമായ ധാരണ നൽകുന്ന തരത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കേണ്ടതാണ്<br>• വിദ്യാഭ്യാസ ഓഫീസർമാർക്ക് പ്രീസ്കൂൾ മോണിറ്ററിംഗ് നടത്തുന്നതിനുള്ള കൃത്യമായ ധാരണ നൽകേണ്ടതാണ്. | • DGE<br>1.5 കോടി<br>• SSK<br>SSK - STARS SIG - 1<br>3 കോടി രൂപ |

| | | | | | | |
|---|---|---|---|---|---|---|
| 7.3 | നവാധ്യാപക അധ്യാപക പരിശീലനം | 1. മൊഡ്യൂൾ നിർമ്മാണം<br>2. സംഘാടനം<br>3.പരിശീലനത്തിനായുള്ള സമയപ്പട്ടിക തയ്യാറാക്കൽ | SCERT SSK, KITE | ആഗസ്റ്റ് - സെപ്റ്റംബർ 2025 | • നവാധ്യാപക പരിശീലനത്തിനായി മൊഡ്യൂൾ തയ്യാറാക്കേണ്ടതും ഗുണമേന്മ വിദ്യാഭ്യാസം ലക്ഷ്യം വച്ച് പ്രവർത്തിക്കുന്നതിന് നവ അധ്യാപകരെ സജ്ജരാക്കേണ്ടതുമണ്. | STARS SIG - 3<br>6 കോടി രൂപ |

**VIII. വിദ്യാലയ സമിതികൾ മറ്റ് വകുപ്പുകൾ സ്ഥാപനങ്ങളുമായുള്ള സഹകരണവും പിന്തുണയും**

| ക്രമ നം. | ലക്ഷ്യങ്ങൾ/പ്രവർത്തനങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | സമയക്രമം | പ്രവർത്തന രീതി | പ്രതീക്ഷിത ബഡ്ജറ്റും ശീർഷകവും |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 8.1 | PTA/SMC/MPTA തുടങ്ങിയ സമിതികളുടെ സഹകരണം, പിന്തുണ, പൂർവ്വ വിദ്യാർത്ഥികളുടെ പിന്തുണ | 1.അക്കാദമിക മികവിന് പി.ടി.എ, മറ്റ് സന്നദ്ധപ്രവർത്തകരുടെ പിന്തുണ ഉറപ്പാക്കൽ<br><br>2. സ്കൂൾ അധിക സമയങ്ങളിലെ ക്ലാസ്സുകൾക്ക് സാമ്പത്തിക സഹായങ്ങൾ നൽകൽ<br>3.കുട്ടികളുടെ സമഗ്രവികസനം വിലയിരുത്തൽ.<br><br>4.അടിസ്ഥാന സൗകര്യ വികസനത്തിന് പി.ടി.എ, പൂർവ്വ വിദ്യാർത്ഥി സംഘടന മുതലായവരുടെ പിന്തുണ തേടൽ. | HM, PTA,......<br><br>PTA HM<br><br>PTA, സന്നദ്ധ സംഘടനകൾ തുടങ്ങിയവർ | 2024-25, അക്കാദമിക വർഷവും തുടർന്നുള്ള വർഷങ്ങളിലും.<br>,,<br>,,<br>,, | 1. സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി പഠന മികവിനായി ഭൗതിക സാഹചര്യങ്ങളുടെ വികസനവും അക്കാദമിക മെച്ചപ്പെടുത്തലുകളും നടപ്പിലാക്കുന്നതിന് വിദ്യാലയ തല സമിതികളുടെ പിന്തുണ എല്ലാ വിദ്യാലയങ്ങളും ഉറപ്പാക്കേണ്ടതാണ്.<br><br>2. സ്കൂൾ തല സമിതികൾക്ക് പുറമെ സ്കൂൾ പരിധിയിലുള്ള ജനപ്രതിനിധികൾ, ക്ലബുകൾ, വായനാശാലകൾ, സഹകരണ സ്ഥാപനങ്ങൾ, രാഷ്ട്രീയ സാമൂഹ്യ-സാംസ്കാരിക പ്രവർത്തകർ മുതലായവർ ഉൾപ്പെടുന്ന വികസന സമിതി വിപുലീകരിച്ച് വിദ്യാലയത്തെ അക്കാദമിക മികവിന്റെ കേന്ദ്രമാക്കുന്നതിനു | |

| | | | | | | |
|---|---|---|---|---|---|---|
| | | | | | ള്ള പ്രവർത്തനങ്ങൾ രൂപീകരിക്കേണ്ടതാണ്<br><br>3. ജനറൽ പി.ടി.എകളിലും, ക്ലാസ് പി.ടി.എകളിലും അക്കാദമിക മികവുകളും പരിമിതികളും ചർച്ച ചെയ്യേണ്ടതും ആവശ്യമായ പിന്തുണ ലഭ്യമാക്കേണ്ടതുമാണ്. | |
| 8.2 | വിവിധ വകുപ്പുകളുടെ സഹകരണം, പിന്തുണ | എൽ.എസ്.ജി.ഡി, ആരോഗ്യം, എക്സൈസ് ആഭ്യന്തരം തുടങ്ങിയ വകുപ്പുകളുമായുള്ള സഹകരണം ഉറപ്പാക്കൽ | DGE, DDE | 2024-25, അക്കാദമിക വർഷവും തുടർന്നുളള വർഷങ്ങളിലും. | • അതത് പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ക്രിയാത്മക സഹകരണം ഉറപ്പുവരുത്തേണ്ടതാണ്.<br>• തദ്ദേശഭരണതല വിദ്യാഭ്യാസ സമിതികൾ ശക്തിപ്പെടുത്തി. പഠന പിന്തുണ | |

| | | | | | | |
|---|---|---|---|---|---|---|
| | | | | | ആവശ്യമുള്ള സഹായങ്ങൾ ലഭ്യമാക്കേണ്ടതാണ്.<br>• അക്കാദമിക മികവിനൊപ്പം വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, പ്രഭാത ഭക്ഷണ പരിപാടികൾ, മാലിന്യ നിർമ്മാർജ്ജന പരിപാടികൾ, വിവിധ ബോധവത്കരണ പരിപാടികൾ, ലഹരി വിമുക്ത ക്യാമ്പസ് പ്രവർത്തനങ്ങൾ എന്നിവയ്ക്കും മറ്റ് വകുപ്പുകളുടെ പിന്തുണ ലഭ്യമാക്കേണ്ടതാണ്. | |